# ശാംഭവി

ത്രൈമാസിക

**Book 10 | April - June 2021 | Edition 2**



## പത്രാധിപക്കുറിപ്പ്

സത്യം വദ, ധർമ്മം ചര, സ്വാധ്യായാൽ ന പ്രമദിതവ്യം എന്നീ വചനങ്ങൾ എന്നും പ്രസക്തിയുള്ളതാണല്ലോ. സത്യം സ്ഥായിയായ ഉൺമയും ധർമ്മം ഈ ലോകത്തിൻെറ ക്രമത്തെ നിലനിർത്തുന്ന സ്വഭാവവും തന്നിമിത്തമുള്ള പ്രവൃത്തിയും സ്വാധ്യായം ശ്രേയസ്സിലേക്കുള്ള പഠനവും ആണ്. ഇത് വ്യക്തി, കുടുംബം, ഗ്രാമം, സമാജം, രാഷ്ട്രം, ലോകം എന്നിങ്ങനെ ഓരോ വിഭാഗത്തിനും ഉണ്ട്. ഒരോ വ്യക്തിയിലും ഉത്തരോത്തരം ഇവ പുഷ്കലമാക്കിയെടുത്തലാണ് ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്ന പ്രാർത്ഥനയുടെ ഫലം സാധിതമാകുകയുള്ളു. സത്യധർമ്മ സ്വാധ്യായങ്ങളുടെ സുതാര്യമായ ഒരു ചിത്രവും അവയെ വികസിപ്പിക്കാനുള്ള ഒരാസൂത്രണവും കുടുംബം, വിദ്യാലയം എന്നിവിടങ്ങളിൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ഇവ ആത്മീയ-ഭൗതികതകളെ ഒരുമിച്ചു കൊണ്ടുപോകുന്നതെങ്കിലും ഇന്ന് കാണുന്ന ജാതിമതാദി വേർതിരിവുകൾക്ക് അതീതവും മാനവികതയുടെ ചരടിൽ കോർത്തിരിക്കുന്ന ഒരു ചിരന്തന പ്രത്യയശാ സ്ത്രവുമാണ്. ഈ മൂന്നെണ്ണത്തെയും മുറുകെ പിടിക്കണമെന്നാണ് പുരാതന ഭാരതീയതയിൽ വിദ്യാഭ്യാസാനന്തരം ഓരോ വ്യക്തിക്കും ഗുരുജനങ്ങൾ കൊടുത്തിരുന്ന ഉപദേശം. ഇവയെ സാർത്ഥകമാക്കാൻ ആധുനികതയെ സ്വീകരിച്ചുകൊണ്ടുതന്നെ ഭാരതീയതയിലേയ്ക്ക് ഒരു തിരിച്ചുപോക്ക് നടത്തിയേ പറ്റൂ.

പുസ്തകം 10 ലക്കം 2
ഏപ്രിൽ - ജൂൺ 2021

വരിസംഖ്യ സൌജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ് കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

മുഖചിത്രം
അർച്ചന ഉണ്ണി

പുറംചട്ട രൂപകല്പന
ഉണ്ണി കൊണ്ടമറുക്

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ

മുദ്രണം
മമ ഓഫ് സെറ്റ് പ്രിന്റ്
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. അംബികാസ്തുതി 2

2 സംസ്കൃതപഠനം (44) 5

3. കുട്ടികളുടെ വാല്മീകിരാമായണം (26) 8

4. ഔഷധസസ്യങ്ങൾ (32) കച്ചോലം 10

5. ലളിതാസഹസ്രനാമം (35) 11

6. സ്തുതികുസുമാഞ്ജലി (5) 14

7. ഭഗവദ്ഗീതാ - ഒരു പുനർവായന (24) 19

8. ബോധപഞ്ചദശിക 21

9. പരമാർത്ഥസാരം (13) 28

10. ഗരുഡദണ്ഡകം 30

# അംബികാസ്തുതി

സമ്പാദക : അപർണ്ണാദേവി എ.

***അഥ കുംഭാത് സമുത്ഥായ ഹനുമാൻ മാരുതാത്മജഃ***
***ആര്യാം കാത്യായനീം ഭക്ത്യാ തുഷ്ടാവേഷ്ടഫലപ്രദാം***

സാരം - മാരുതപുത്രനായ ഹനുമാൻ ഭക്തിപൂർവ്വം ഇഷ്ടഫലത്തെ നൽകുന്നവളും ആര്യയുമായ കാത്യായനീദേവിയെ സ്തുതിച്ചു.

***നമാമി ഖഡ്ഗഹസ്താം ത്വാം ഖേടഹസ്താം ഭയാനകാം***
***വരദാഭയഹസ്താം ച ഭൃത്യലോകഭയാപഹാം***
***ശൂലഹസ്താം ശങ്ഖചക്രഗദാചാപേഷുധാരിണീം***

സാരം - വാളും ഖേടവും കയ്യിലുള്ളവളും ഭയാനകയും വരദാഭയമുദ്രകൾ പിടിച്ചവളും ഭൃത്യജനങ്ങളുടെ ഭയത്തെ ഇല്ലാതാകുന്നവളും കയ്യിൽ ശൂലമുള്ള വളും ശംഖ്, ചക്രം, ഗദാ, വില്ല്, ശരങ്ങൾ എന്നിവ പിടിച്ചിരിയ്ക്കുന്നവളുമായ കാ ത്യായനീദേവിയെ തൊഴുന്നു.

***ചതുർഭുജാമഷ്ടഭുജാം ദ്വിഭുജാമരിമർദ്ദിനീം***
***അഷ്ടദശഭുജാം നൗമി ദുർഗാം ദശഭുജാമപി***

സാരം - നാലു കയ്യുള്ളവളും എട്ടു കയ്യുള്ളവളും രണ്ടു കയ്യുള്ളവളും പതി നെട്ട് കയ്യുള്ളവളും പത്തു കയ്യുള്ളവളും ശത്രുക്കളെ നശിപ്പിക്കുന്നവളുമായ ദു ർഗ്ഗാദേ വിയെ തൊഴുന്നു.

***സഹസ്രബാഹുചരണാം സഹസ്രമുഖലോചനാം***
***സഹസ്രമകുടാടോപാം നൗമി വിശ്വമുഖീമുമാം***

സാരം - അനവധി കൈകാലുകൾ ഉള്ളവളും അനവധി മുഖങ്ങളും കണ്ണുകൾ ഉള്ളവളും അനവധി ശിരോഭൂഷണങ്ങൾ ഉള്ളവളും വിശ്വം തന്നെ തന്റെ മുഖമായിട്ടുള്ളവളും ആയ കാത്യായനീ ദേവിയെ തൊഴുന്നു.

***പദ്മയോനിമുഖാബ്ജസ്ഥാം വിഷ്ണുവക്ഷഃസ്ഥലസ്ഥിതാം***
***ഹരവാമാങ്കനിലയാം വന്ദേ മൂർതിത്രയാത്മികാം***

സാരം - പദ്മയോനിയായ ബ്രഹ്മാവിന്റെ താമരസദൃശമായ മുഖത്തിൽ

സ്ഥിതിചെയ്യുന്നവളും വിഷ്ണുവിന്റെ മാറിടത്തിൽ സ്ഥിതിചെയ്യുന്നവളും ശിവന്റെ ഇടതു തുടയെ വാസസ്ഥലമാക്കിയവളും ഇപ്രകാരം മൂർത്തിത്ര യങ്ങളായ വിഷ്ണുബ്രഹ്മമഹേശ്വരന്മാരുടെ ശക്തിസ്വരൂപിണിയായ കാത്യായനീദേവിയെ തൊഴുന്നു.

*ഇന്ദ്രാദിസർവദേവാനാം സൂര്യാദിജ്യോതിഷാമപി*
*യാ ശക്തിർദൃശ്യതേ ചിത്രാ വിഷ്ണുമായാ നമാമി താം*

സാരം - ഇന്ദ്രൻ തുടങ്ങിയ എല്ലാ ദേവന്മാരുടെയും സൂര്യൻ തുടങ്ങിയ എല്ലാ നക്ഷത്രങ്ങളുടെയും യാതൊരു ചിത്രാ എന്നും വിഷ്ണുമായാ എന്നുമുള്ള ശക്തി കാണപ്പെടുന്നുവോ ആ കാത്യായനീ ദേവിയെ തൊഴുന്നു.

*ആർഭാട്യാ വീക്ഷണൈശ്ചോഗ്രൈഃ കുലീനസുരവിദ്വിഷാം*
*യാ നിർദഹതി രക്താക്ഷീ താം വന്ദേ സിംഹവാഹിനീം*

സാരം - യാതൊരുവൾ തീക്ഷണമായ നോട്ടത്താൽ കുലീനരായ ദേവന്മാരുടെ ശത്രുക്കളെ ദഹിപ്പിയ്ക്കുന്നത് ആ ചുവന്ന കണ്ണുകൾ ഉള്ളവളും സിംഹം വാഹനമായിട്ടുള്ളവളുമായ കാത്യായനീദേവിയെ തൊഴുന്നു.

*മധുഹന്ത്രീം കൈടഭഘ്നീം മഹിഷാസുരമർദിനീം*
*നൗമി ദുർഗാം ഭഗവതീം ഹന്ത്രീം ശുംഭനിശുംഭയോഃ*

സാരം - മധു എന്ന ആസുരനെ കൊന്നവളും കൈടഭൻ എന്ന അസുരനെ ഹനിച്ചവളും മഹിഷാസുരനെ ഇല്ലാതാക്കിയവളും ശുംഭൻ എന്നും നിശുംഭൻ എന്നും വിളിയ്ക്കപ്പെടുന്ന അസുരന്മാരെ ഹനിച്ചവളും ആയ ദുർഗ്ഗാഭഗവതിയെ തൊഴുന്നു.

*അംബ പ്രസീദ വരദേ ഭവദുഃഖഹന്ത്രീ*
*കാമാൻ മമാശു പരിപൂരയ കാമധേനോ*
*അദ്യൈവ മേ രിപുഗണാ വിലയം പ്രയാന്തു*
*വീര്യം ജയം ച വിപുലം ച യശഃ പ്രദേഹി*

സാരം - അമ്മേ സന്തോഷിച്ചാലും, ഇഷ്ടപ്പെട്ടത് നൽകുന്നവളെ സംസാരദുഃഖത്തെ ഇല്ലാതാക്കുന്നവളെ അല്ലയോ കാമധേനു എൻെറ ഇഷ്ടങ്ങളെ പെട്ടെന്ന് നിറവേറ്റി തന്നാലും. ഇന്നു തന്നെ എൻെറ ശത്രുസമൂഹം വിലയത്തെ (നാശത്തെ) പ്രാപിയ്ക്കട്ടെ. എനിയ്ക്ക് വീര്യത്തെയും ജയത്തെയും വലിയതായ പ്രശസ്തിയേയും നൽകിയാലും.

*അംബ പ്രസീദ മഹതീം ശ്രിയമത്ര ലോകേ*

*സർവാതിഗാം വിതരതാദിതരാനപേക്ഷാം*
*സമ്പത്കരീം സുഖകരീം ഭവതീമുപാസ്തേ*
*യസ്തസ്യ ദുർലഭമിഹ ത്രിദിവേപി നാസ്തി*

സാരം -മൂന്നു ലോകത്തും ആർക്കും ഇല്ലാത്തതായ മഹത്തായ ഐശ്വര്യവും എല്ലാത്തിനേയും അതിവർത്തിച്ച് നിൽക്കുന്ന ശക്തിയും അനാശ്രയത്വശക്തിയും ഉള്ളവളും സമ്പത്തിനെ നൽകുന്നവളും സുഖത്തെ നൽകുന്നവളും ആയ കാത്യായനീദേവിയെ ആരാധിയ്ക്കുന്നു.

*അംബ പ്രസീദ ശതകോടിധരാദിദേവ*
*സംഭാവിതാങ്ഘ്രിയുഗലേ സകലേഷ്ടദാത്രി*
*യസ്മിൻ പ്രസീദതി മനാഗ് ഭവതീ ഭവാനി*
*ധന്യഃ സ ഏവ ജഗതാം ച സ ഏവ സേവ്യഃ*

സാരം - അമ്മേ സന്തോഷിച്ചാലും, യാതൊരുവനിലാണോ സകല അഭീഷ്ടങ്ങളെയും ചൊരിഞ്ഞ് പ്രസാദിയ്ക്കുന്നത് അവൻ (ദേവീപ്രസാദം ലഭിച്ച അവൻ) ലോകത്ത് ഏറ്റവും ധന്യനും അവൻ തന്നെ സേവിയ്ക്കപ്പെടേണ്ടവനുമാണ്.

*അംബ പ്രസീദ സകൃദംബുജനാഭവക്ഷഃ-*
*ക്രീഡാഗൃഹേ കമലവാസിനി ഹേമവർണേ*
*സമ്പത്തികല്പലതികേ ത്വദപാങ്ഗലേശാൻ*
*ബ്രഹ്മാദയോപി പരിഗൃഹ്യ ഭവന്തി ധന്യാഃ*

സാരം - അമ്മേ സന്തോഷിച്ചാലും, വിഷ്ണുവിൻെറ മാറിടം കളിസ്ഥലമാക്കിയവളെ താമരയിൽ വസിക്കുന്നവളെ സ്വർണ്ണനിറമുള്ളവളെ സമ്പത്തിൻെറ കല്പവള്ളി നിൻെറ കടകണ്ണിനെ സ്വീകരിച്ച് ബ്രഹ്മാദികൾ പോലും ധന്യരാകുന്നു.

*അംബ പ്രസീദ ശശിഖണ്ഡവിഭൂഷണാങ്ക-*
*ഭാഗസ്ഥിതേ ഭവനിഹന്ത്രി മനോന്മനി ത്വം*
*യാ ഭാസി വിശ്വവിലയസ്ഥിതിസൃഷ്ടികർത്രീ*
*വിശ്വംഭരാ ത്രിമഹദാദിവിചിത്രരൂപാ*

സാരം - അമ്മേ സന്തോഷിച്ചാലും, ചന്ദ്രഖണ്ഡത്തെ അലങ്കാരമാക്കിയ ശിവൻെറ മടിയിൽ ഇരിക്കുന്നവളെ സാസാരദുഃഖത്തെ ഇല്ലാതാക്കുന്നവളെ മനോന്മനി അവിടുന്ന് ലോകത്തെ സംരക്ഷിച്ച് നിർത്തുന്നവളും മഹദാദികളായിരിക്കുന്നവളും ആണ്.

*അംബ പ്രസീദ ചതുരാനനവക്ത്രപദ്മ-*
*രാജിവിഹാരപരിശീലനരാജഹംസി*
*ദൃഷ്ടസ്ത്വയാ സദയമത്ര ഭവേ സ മർത്ത്യോ*
*മൂകോപി പണ്ഡിതതമഃ സ ജഡോപി ധീരഃ*

സാരം - അമ്മേ സന്തോഷിച്ചാലും, താമരയിൽ സഞ്ചരിക്കുന്നവളെ ദേവിയുടെ ഒരു നോട്ടത്താൽ മൂകനായ മനുഷ്യൻ പണ്ഡിതനും ജഡനായ മനുഷ്യൻ ധീരനുമാകും.

*അംബ പ്രസീദ ശതമന്യുമുഖാമരാത്മ-*
*ശക്തേ ത്വദങ്ഘ്രിചരണസ്യ ഗൃഹാങ്ഗണേഷു*
*ഖേലന്തി സുന്ദരദൃശോ വിചരന്തി വിപ്രാഃ*
*സീദന്തി ഭൂമിപതയോവസരപ്രതീക്ഷാഃ*

സാരം - അമ്മേ സന്തോഷിച്ചാലും, അല്ലയോ ഇന്ദ്രാദിദേവന്മാരുടെ ശക്തി, അവിടുത്തെ കാലിണകളിൽ സുന്ദരന്മരായ ബ്രാഹ്മണർ ഭജിക്കുന്നു. അതിനുവേണ്ടി രാജക്കന്മാർ അവസരം പ്രതീക്ഷിച്ച് കഴിയുന്നു.

---

# സംസ്കൃതപഠനം (45)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

## രഘുവംശശ്ലോകം

*വ്യൂഢോരസ്കോ വൃഷസ്കന്ധഃ*
*സാലപ്രാംശുർമഹാഭുജഃ*
*ആത്മകർമക്ഷമം ദേഹം*
*ക്ഷാത്രോ ധർമ ഇവാശ്രിതഃ*

പദങ്ങൾ : വ്യൂഢോരസ്കഃ വൃഷസ്കന്ധഃ സാലപ്രാംശുഃ മഹാഭുജഃ ആത്മ കർമക്ഷമം ദേഹം ക്ഷാത്രഃ ധർമഃ ഇവ ആശ്രിതഃ .

### വിഭക്ത്യാദികൾ

| | |
|---|---|
| വ്യൂഢോരസ്കഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |

| | |
|---|---|
| വ്യഷസ്കന്ധഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| സാലപ്രാംശുഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| മഹാഭുജഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ആത്മകർമക്ഷമം | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |
| ദേഹം | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |
| ക്ഷാത്രഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ധർമഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ഇവ | അവ്യയം |
| ആശ്രിതഃ | അകാരാന്ത പുല്ലിംഗഃ പ്രഥമാ ഏകവചനം |

## ധാത്വാദികൾ

ഈ ശ്ലോകത്തിൽ ക്രിയാപദം കാണുന്നില്ല. അതുകൊണ്ട് ഉചിതമായ ഒരു ക്രിയാപദം സ്വീകരിയ്ക്കാം. ആസീത് എന്ന്.

## സമാസാദി കാര്യങ്ങൾ

| | |
|---|---|
| വ്യൂഢോരസ്കഃ | വ്യൂഢം ഉരഃ യസ്യ സഃ |
| വ്യഷസ്കന്ധഃ | വ്യഷസ്യ സ്കന്ധഃ ഇവ സ്കന്ധഃ യസ്യ സഃ |
| സാലപ്രാംശുഃ | സാലഃ ഇവ പ്രാംശുഃ |
| മഹാഭുജഃ | മഹാന്തൗ ഭുജൗ യസ്യ സഃ |
| ആത്മകർമക്ഷമം | ആത്മനഃ കർമണി ക്ഷമഃ തം |
| ക്ഷാത്രഃ | ക്ഷത്രസംബന്ധീ |

## പദാർത്ഥങ്ങൾ

| | |
|---|---|
| വ്യൂഢോരസ്കഃ | വിപുലോരസ്സുള്ളവൻ |
| വ്യഷസ്കന്ധഃ | വ്യഷത്തിൻെറ സ്കന്ധംപോലുള്ള സ്കന്ധമുള്ളവൻ |
| സാലപ്രാംശുഃ | സാലവ്യക്ഷം പോലെ പ്രാംശു ആയവൻ |

| | |
|---|---|
| മഹാഭുജഃ | മഹത്തുക്കളായ ഭുജങ്ങളുള്ളവൻ |
| ആത്മകർമക്ഷമം | സ്വകർമ്മത്തിന് ക്ഷമമായതിനെ |
| ദേഹം | ദേഹത്തെ |
| ക്ഷാത്രഃ | ക്ഷാത്ര സംബന്ധിയായ |
| ധർമഃ | ധർമ്മം |
| ഇവ | പോലെ |
| ആശ്രിതഃ | ആശ്രയിച്ച |

## അന്വയഃ /ഗദ്യക്രമം

വ്യൂഢോരസ്കഃ വൃഷസ്കന്ധഃ സാലപ്രാംശുഃ മഹാഭുജഃ (സഃ) ആത്മകർമ ക്ഷമം ദേഹം ആശ്രിതഃ ക്ഷാത്രഃ ധർമഃ ഇവ (ആസീത്).

## അന്വയാർത്ഥം

വിപുലമായ ഉരസ്സുള്ളവനും വൃഷത്തിന്റേതുപോലുള്ള സ്കന്ധമുള്ളവനും സാലവൃക്ഷംപോലെ ഉയരമുള്ളവനും മഹത്തുക്കളായ ഭുജങ്ങളുള്ളവനും ആയ അദ്ദേഹം സ്വകർമ്മത്തിന് ക്ഷമമായ ദേഹത്തെ ആശ്രയിച്ചവനായി ക്ഷാത്രസംബന്ധിയായ ധർമ്മം പോലെ ആയിരുന്നു.

## സാരം

ദിലീപമഹാരാജാവിന് സ്വകർമ്മം നിർവ്വഹിയ്ക്കുവാൻ പ്രാപ്തമായ ശരീര മാണുണ്ടായിരുന്നത് എന്ന് ഇവിടെ പറയുന്നു. വിപുലമായ ഒരു മാറിടം, അതായത് വിസ്തൃതവും വിരിഞ്ഞതുമായ മാറിടം. വൃഷം എന്നാൽ കാള. സ്കന്ധ മെന്നാൽ ഭുജത്തിന്റെ ശിരസ്സ്. കളയുടേതുപോലുള്ള തോളുകൾ. അപ്പോൾ വളരെ ഉയർന്ന തോളുകളോടു കൂടിയവനാണെന്ന് വന്നു. സാലവൃക്ഷത്തെ പോലെ വളരെ ഉയരമുള്ളവൻ. വലിയ കൈകളുള്ളവൻ. മുട്ടറ്റംനീണ്ട കൈ കളുള്ള ആളെയാണ് മഹാഭുജനെന്ന് വിളിക്കുക. അങ്ങനെ ക്ഷത്രിയന്റേതായ പ്രജാപരിപാലനം നടത്താൻ പറ്റിയ ശരീരമാണ് ദിലീപമഹാരാജാവിനുള്ള ത് എന്ന് പറയുന്നു. അദ്ദേഹത്തെ കണ്ടാൽ ക്ഷത്രിയ ധർമ്മം ഉടൽ പൂണ്ട് വന്നിരിയ്ക്കുന്നുവോ എന്നു തോന്നുമെന്ന് ഉത്പ്രേക്ഷയിലൂടെ കവി പറഞ്ഞിരിയ്ക്കു ന്നു. ചുരുക്കത്തിൽ ക്ഷത്രിയധർമ്മം നിർവ്വഹിയ്ക്കാൻ പറ്റിയ ശരീരം അദ്ദേഹ ത്തിനുണ്ടെന്ന് പറഞ്ഞിരിയ്ക്കുന്നു.

(തുടരും)

# കുട്ടികളുടെ
# **വാല്മീകിരാമായണം** 26



ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രിയ ശാംഭവി കൂട്ടുകാരേ,

നമ്മളെല്ലാം വീണ്ടും കോവിഡിന്റെ അതിശക്തമായ രണ്ടാം വരവിൽ അകപ്പെട്ട് നട്ടവും വട്ടവും തിരിഞ്ഞുകൊണ്ടിരിയ്ക്കുകയാണല്ലോ? അദൃശ്യനായ ശത്രുവിനെ ശരിയായ ആസൂത്രണമില്ലാതെ ഒരിയ്ക്കലും നേരിടരുതെന്ന് വാല്മീകി മഹർഷിതന്നെ അനശ്വരരായ കഥാപാത്രങ്ങളിലൂടെയും കഥാസന്ദർഭങ്ങളിലൂടെയും വ്യക്തമാക്കിയിട്ടുണ്ട്. ഈ അവസരത്തിൽ ഏറ്റവും വിശ്വസ്ഥരായ കൂട്ടുകാർ ഉത്തമഗ്രന്ഥങ്ങൾ മാത്രമാണ്.

ഭാരതീയതയിലധിഷ്ഠിതമായ ഗുരുസങ്കല്പത്തെ ഉദാത്തവൽക്കരിയ്ക്കുകുടി യാണ് ഉത്തിഷ്ഠമാനനായ വാല്മീകിമഹർഷി. ആചാര്യൻ, പിതാവ്, മാതാവ് ഇവരെല്ലാം സമന്മാരാണ്. ഇവിടെയാണെങ്കിൽ ശ്രീരാമന്റേയും പിതാവിന്റേയും ആചാര്യൻ താനായതുകൊണ്ട് ധാർമ്മികമായി തന്റെ വാക്കുകൾക്ക് കൂടുതൽ വില കല്പിച്ച് രാമൻ രാജ്യഭരണം ഏറ്റെടുക്കണമെന്നും വസിഷ്ഠമുനി വാദിച്ചു. മാത്രമല്ല, ധർമ്മനിഷ്ഠമായ മാതാവ് മകന്റെ വരവിനായി കാത്തിരിയ്ക്കുന്നു. സർവ്വോപരി, സഹോദരനായ ഭരതന്റെ കണ്ണീരിനും വില കല്പിയ്ക്കേണ്ടതല്ലേ എന്നുമുള്ള മഹർഷിയുടെ വാക്കുകൾ പോലും, വനരോദനമായി കലാശിയ്ക്കുന്നു. എന്തു സംഭവിച്ചാലും തീരുമാനത്തിൽനിന്ന് പിന്തിരിയുകയില്ലെന്ന ശ്രീരാമചന്ദ്രന്റെ തീരുമാനം അവസാനം അവർക്ക് അംഗീകരിയ്ക്കേണ്ടിവന്നു. അതിനുപകരമായി ശ്രീരാമാനുഗ്രഹത്തോടെ പ്രതിനിധിയായി മാത്രം രാജ്യം ഭരിയ്ക്കാമെന്നും, അതിന്റെ അടയാളമായി രാമപാദുകം സ്വീകരിച്ച് ഭരതൻ അയോദ്ധ്യയിലേയ്ക്ക് യാത്രയായി.

ദുഃഖം ഉള്ളിലൊതുക്കിയ ഭരതൻ അമ്മമാരെ അയോദ്ധ്യയിലാക്കിയതിനുശേഷം ഗുരുഭൃതന്മാരിൽനിന്നും അനുഗ്രഹം വാങ്ങി അവരോടിപ്ര

കാരം പറഞ്ഞു : “ജ്യേഷ്ഠൻ എപ്രകാരമാണോ കാട്ടിൽ കഴിഞ്ഞുകൂടുത് അപ്രകാരംതന്നെ ഈ പതിനാലു സംവത്സരം ജടാവൽക്കരധാരിയായി വ്രതനിഷ്ഠ യോടെ നന്ദിഗ്രാമത്തിൽ വസിക്കാനാണ് താനിഷ്ടപ്പെടുത്.” വസിഷ്ഠമഹർഷിയും മന്ത്രിമുഖ്യന്മാരും രാജ്യവാസികളും പൂർണ്ണമായി ഭരതന്റെ ഈ തീരുമാനത്തെ ഏകകണ്ഠമായി അംഗീകരിയ്ക്കുകയും സഹോദര സ്നേഹത്തെ ശ്ലാഘിയ്ക്കു കയും ചെയ്തു. ജ്യേഷ്ഠന്റെ പവിത്രമായ പാദങ്ങൾ അലങ്കരിച്ചിരുന്ന പാദുകങ്ങളെ ശ്രീരാമനായി സങ്കല്പിച്ച് പട്ടാഭിഷേകം നിർവ്വഹിച്ച ഭരതന്റെ മഹാമനസ്കത, ഉദാരത ഇതെല്ലാം എത്രമാത്രം ഹൃദയസ്പർശിയായിട്ടാണ് വാല്മീ കി മഹർഷി അവതരിപ്പിച്ചിരിയ്ക്കുതെന്ന് കൊച്ചുകൂട്ടുകാർ ചിന്തിച്ച് മനസ്സിലാക്കണം. സാഹോദര്യം, സഹജീവിസ്നേഹം, സർവ്വോപരി സ്വാർത്ഥതാസ്പർശമില്ലാത്ത മാനസികാവസ്ഥ ചെറുപ്പത്തിൽത്തന്നെ വളർത്തിയെടുക്കാൻ ഇതെല്ലാം നിങ്ങളെ പ്രാപ്തരാക്കും. പുതിയ ലോകം സൃഷ്ടിയ്ക്കാനും സാധിയ്ക്കും. മനസ്സ് സ്വാർത്ഥതാമുക്തമാകുമ്പോൾ നമ്മുടെ എല്ലാ പ്രവൃത്തികൾക്കും ആശയങ്ങൾക്കും പുതിയ രൂപവും ഭാവവും മാനവും ആർജ്ജിയ്ക്കാനുകുമെന്ന് വാല്മീകി വ്യക്തമാക്കുന്നു. വലിയവനും ചെറിയവനുമാക്കി മാറ്റുന്നത് അവനവന്റെ പ്രവൃത്തി മാത്രമാണെന്ന് ഭരതന്റെ പാത്രസൃഷ്ടി ലോകത്തിനു കാണിച്ചുതരുന്നു.

പ്രിയ സോദരനെ വേദനയോടെ യാത്രയാക്കിയതിനുശേഷം ശ്രീരാമൻ ചിത്രകൂടത്തിൽ തിരിച്ചെത്തി. അപ്പോൾ ദുഃഖിതരും പരിഭ്രാന്തരുമായ മഹർഷിശ്രേഷ്ഠന്മാർ അദ്ദേഹത്തിന്റെ വരവും പ്രതീക്ഷിച്ചിരിയ്ക്കുയായിരുന്നു. ആശ്രമവാസികളായ ഋഷിവര്യന്മാരുടെ പർണ്ണശാലയ്ക്കടുത്തുതന്നെ ശ്രീരാമൻ ആവാസഭൂമിയായി തെരഞ്ഞെടുത്തത് ദുഷ്ടശക്തികളായ രാക്ഷസകുലത്തെ വിറളിപിടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ഓരോ ചലനവും അവർ സസൂക്ഷ്മം വീക്ഷിയ്ക്കുകയും ചെയ്തിരുന്നു. രാവണസഹോദരനായ ഖരൻ എന്ന രാക്ഷസന്റെ ഉപദ്രവം അതിരുകടക്കുന്നുവെന്നറിയിയ്ക്കാനാണവർ ഓടിയെത്തിയത്. യാഗങ്ങൾ തടസ്സപ്പെടുത്തുകയും അതികഠിനമായി ദേഹോപദ്രവമേല്പിയ്ക്കുകൂടി ചെയ്തുതുടങ്ങിയപ്പോൾ സാത്വികരായ മുനിപുംഗവർ അവിടംവിട്ട് പോകാൻ തീരുമാനിച്ചു. അവരുടെ അഭിപ്രായം ശ്രീരാമനേയും വീണ്ടുവി ചാരത്തിന് പ്രേരണനല്കി. ഭയംകൊണ്ടല്ല, പക്ഷേ ഏറ്റവും പ്രിയങ്കരരായ, നിർമമന്മാരായ ഋഷിമാരുടെ അസാന്നിദ്ധ്യം തന്റെ കർമ്മാനുഷ്ഠാനങ്ങൾക്ക് ഗുണകരമാവില്ലെന്ന് മനസ്സിലാക്കിയ അദ്ദേഹം ആ പ്രദേശം വിട്ടുപോകാൻതന്നെ നിശ്ചയിച്ചു.

(തുടരും)

ഔഷധസസ്യങ്ങൾ – 32

# കച്ചോലം

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

കച്ചോലക്കിഴങ്ങ് ഏറ്റവും എരിവുള്ളതും ശീതവീര്യമുള്ളതുമാണ്. വാതം, പിത്തം, കഫം ഇവ ശമിപ്പിക്കുന്നു. സൗരഭ്യമുള്ളതും ദീപനകരവും രുചിപ്രദവുമാണ്. രക്തശുദ്ധി വരുത്തുന്ന കംഫേരിയ ഗലംഗ കുടുംബത്തിൽപ്പെട്ട കച്ചോലത്തിന് സംസ്കൃതത്തിൽ ദ്രാവിഡ, കച്ചൂരഹ് തുടങ്ങിയ പേരുകളുണ്ട്.

പനി, കൃമി, ഗുന്മം, അർശസ്സ്, കാസം, ശ്വാസം, ജ്വരം, അജീർണ്ണം, അരുചി തുടങ്ങിയവ ശമിപ്പിക്കും. ശ്വാസകോശ രോഗങ്ങൾക്ക് ഏറ്റവും അനുയോജ്യമായതാണ്. ഇതിന്റെ കിഴങ്ങ് ചവച്ചിറക്കിയാൽത്തന്നെ വായയും തൊണ്ടയും ശുദ്ധിയാകും (തുറന്നുകിട്ടും). കിഴങ്ങ് പൊടിച്ച് തേൻ ചേർത്തു പലവട്ടം സേവിച്ചാൽ ചുമയും തൊണ്ടവേദനയും മാറും. ശ്വാസകോശ രോഗങ്ങൾക്ക് ഇത് ഉപയോഗിക്കാം.

കച്ചോലക്കിഴങ്ങ്, കടുക്ക, വയമ്പ്, ചുക്ക്, അതിവിടയം, ദേവതാരം, അമൃത് ഇവ സമമായെടുത്ത് കഷായംവെച്ച് പതിവായി രണ്ടുനേരം സേവിച്ചാൽ ആമവാതം ഭേദമാകും. കിഴങ്ങിന്റെ സ്വരസം കാൽ ടീസ്പൂ വീതം ദിവസേന നല്കിയാൽ കുട്ടികളുടെ വിരശല്യം മാറിക്കിട്ടും. കച്ചോലം മണപ്പിച്ചാൽത്തന്നെ വിര മേല്പോട്ട് കയറുകയില്ല. അരച്ച് കഴുത്തിനു കീഴോട്ട് പുരട്ടിയാൽ വിര താഴേയ്ക്കിറങ്ങും.

കച്ചോലക്കിഴങ്ങിൻനീരും ചെറുനാരങ്ങാനീരും ഊറൽ നീക്കിയ ഇഞ്ചിനീരും സമം അരിച്ചെടുത്ത് കുപ്പിയിലാക്കി അടുപ്പിനടുത്തുവെച്ച് അതിൽനിന്നും ഓരോ സ്പൂൺവീതം ദിവസേന കൊടുത്താൽ കുട്ടികൾക്ക് വയറ്റിൽ അസുഖങ്ങളുണ്ടാകാതിരിക്കും.

ശരീരത്തിലെ ഉളുക്കിനും ചതവിനും കച്ചോലക്കിഴങ്ങ് നന്നായി അരച്ചെടുത്ത് കുറച്ചു ദിവസം തുടർച്ചയായി പുരട്ടിയാൽ ശമനം ലഭിക്കും.

കച്ചോലം, കുവന്നൂറ്, ചെറുതേക്കിൻ വേര്, കർക്കിടശൃംഗി, മുത്തങ്ങ, പിപ്പിലി, ഉണക്കമുന്തിരി, അയമോദകം എന്നിവ നന്നായി പൊടിച്ചെടുത്ത് തേനും പഞ്ചസാരയും ചേർത്ത് അല്പാല്പം പലവട്ടമായി സേവിപ്പിച്ചാൽ (കുറച്ചു ദിവസങ്ങൾ തുടർച്ചയായി) ക്ഷയരോഗിയുടെ ചുമ ഭേദമാകും.

സ്നാനചൂർണ്ണങ്ങളിലും സുഗന്ധലേപനങ്ങളിലും കച്ചോലം പ്രധാന ചേരുവയാണെന്ന വാസ്തവം പലർക്കുമറിയില്ല.

'മുറ്റത്തെ മുല്ലയ്ക്ക് മണമില്ലെ'ന്ന ചൊല്ല് ഇവിടെയൊക്കെയാണ് അന്വർത്ഥമാകുന്നത്.

# ലളിതാസഹസ്രനാമം (35)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

## സർവമയീ

സർവസ്വരൂപിണി എന്നർത്ഥം. ലോകത്ത് എന്തെല്ലാം ഉണ്ടോ എല്ലാം ദേവിയാണ്. നമ്മുടെ ഇന്ദ്രിയങ്ങളെക്കൊണ്ട് അനുഭവിയ്ക്കുന്നതെല്ലാം ദേവിയാണ്.

***ചരാചരാത്മകം വിശ്വം വിഷ്ണുരേവ ന സംശയഃ***
***വിഷ്ണുസ്സാക്ഷാത് ഉമാദേവീ സാപി ദേവീ ശിവസ്സ്വയം***
***അഹം ശിവഃ ശിവസ്സോഹം സാഹമേവ അഹം ശിവ***
***ശിവാദന്യത് ജഗത്യസ്മിൻ ന കിഞ്ചിത് പ്രതിപദ്യതേ***

ഈ താന്ത്രികശ്ലോകപ്രകാരം ചരാചരാത്മകമായ ഈ പ്രപഞ്ചത്തിലുള്ളതെല്ലാം വിഷ്ണു ആണ്. വിഷ്ണു തന്നെയാണ് ദേവി. ആ ദേവി ശിവൻ തന്നെ. ആ ശിവനോ ഞാനും അതായത് നമ്മൾ ഓരോരുത്തരും. അപ്പോൾ ദേവി തന്നെയാണ് ഈ കാണായതെല്ലാം. ഈയൊരു ഭാവം നമ്മുടെ മനസ്സിൽ ഉണർന്നാൽ എല്ലാത്തിനെയും കാണുമ്പോൾ ഒരു സ്നേഹവും ഒരു ആർദ്രതയും ഒരു വിനയവും നമുക്കുണ്ടാകും. ഈ അറിവിന്റെ ആചാരമാണ് വിനയം. അല്ലാതെ പ്രയത്നിച്ചാ ലുണ്ടാകുന്നതല്ല വിനയം. വിനയവാനാണെങ്കിൽ ഈ നാമത്തിന്റെ അർത്ഥം മനസ്സിലാക്കിയാൽ മതി.

ദേവി തന്നെയാണ് ഇതെല്ലാമെങ്കിൽ ദേവി ഒന്നായി മാത്രം ഇരുന്നാൽ പോരെ എന്നാണെങ്കിൽ അത് ദേവിയുടെ സ്വാതന്ത്ര്യശക്തി. ദേവി തന്നെ പലതായി തീർന്നിട്ട് അത് അനുഭവിച്ചും ആനന്ദിച്ചും ആസ്വദിക്കുന്നു. ദേവി ആനന്ദൈകരൂപിണിയാണ്. ദേവിയ്ക്ക് ആനന്ദമാണ് സ്വരൂപം.

## സർവമന്ത്രസ്വരൂപിണീ

സർവ്വമന്ത്രങ്ങളും സ്വരൂപമായിട്ടുള്ളവൾ. എല്ലാ മന്ത്രങ്ങളും ദേവിയുടെ സ്വരൂപമാണ്. ശ്രീചക്രത്തിൽ ഏഴു കോടി ദേവതമാരുടെ സാന്നിദ്ധ്യമുണ്ടെന്നുള്ളതുകൊണ്ടും അവരെ അതിൽ പൂജിയ്ക്കുന്നു എന്നതുകൊണ്ടും ദേവി ത്രിപുരസുന്ദരി സർവമന്ത്രങ്ങളുടെയും സ്വരൂപത്തോട് കൂടിയവളാണെന്ന് വിരൽച്ചൂണ്ടുന്നു.

***സർവയന്ത്രാത്മികാ സർവതന്ത്രരൂപാ മനോന്മനീ***
***മാഹേശ്വരീ മഹാദേവീ മഹാലക്ഷ്മീർമൃഡപ്രിയാ*** *53*

## സർവയന്ത്രാത്മികാ

സകലയന്ത്രങ്ങളുടെയും സ്വരൂപത്തിൽ വർത്തിയ്ക്കുന്നവൾ. ഈ ലോകത്ത് എവിടെയൊക്കെ യന്ത്രങ്ങളുണ്ടോ അതെല്ലാം ദേവിയാണ്. യന്ത്രം നിയന്ത്രിച്ച് ത്രാണനം ചെയ്യുന്നത്. മന്ത്രം മനനം ചെയ്ത് ത്രാണനം ചെയ്യുന്നത്. മനനത്തിലൂടെ നമ്മളെ രക്ഷിക്കുന്നതാണ് മന്ത്രം. എന്നാൽ സംയമനത്തിലുടെ നമ്മളെ രക്ഷിക്കുന്നതാണ് യന്ത്രം. സംയമനം ചെയ്യുന്നത് അഥവാ നിയന്ത്രിയ്ക്കുന്നത് ഇന്ദ്രിയങ്ങളെയാണ്. ഇന്ദ്രിയങ്ങൾ പുറത്തേയ്ക്ക് പോയി കൊണ്ടു തരുന്നതാണ് നമ്മുടെ പ്രപഞ്ചബോധം. ഈ പ്രപഞ്ചബോധം വളരെ പരിമിതമാണ്. അതിൽനിന്ന് നമ്മളെ രക്ഷിയ്ക്കുണമെങ്കിൽ ഇന്ദ്രിയങ്ങളെ സംയമനം ചെയ്യണം. അതിന് നമ്മളെ സഹായിയ്ക്കുന്നത് എന്തോ അത് യന്ത്രം. അങ്ങനെ ബാഹ്യേന്ദ്രിയങ്ങളുടെ നിയന്ത്രണത്തിന് യന്ത്രവും അന്തഃകരണത്തിൻെറ മനസ്സിൻെറ നിയന്ത്രണത്തിന് മന്ത്രവും സഹായിക്കുന്നു.

## സർവതന്ത്രരൂപാ

എല്ലാ തന്ത്രങ്ങളുടെയും രൂപത്തോടു കൂടിയവൾ. വൈഷ്ണവ-ശൈവ-ശാക്തേയങ്ങളായ തന്ത്രങ്ങളിലുള്ള വ്യത്യസ്തതന്ത്രഗ്രന്ഥങ്ങൾ എല്ലാം ദേവിയുടെ ശരീരത്തിലെ വ്യത്യസ്തഭാഗങ്ങളാണെന്ന് കാമികാഗമം പറയുന്നു. അതായത് ദേവി യുടെ വ്യത്യസ്തശരീരഭാഗങ്ങൾ വ്യത്യസ്തതന്ത്രഗ്രന്ഥങ്ങളാണെന്നാണ് പറയുന്നത്. അങ്ങനെ തന്ത്രഗ്രന്ഥങ്ങളാകുന്ന സ്വരൂപത്തോട് കൂടിയവളാണ് ദേവി.

ശ്രീചക്രപൂജയ്ക്ക് ശ്രീചക്രം കിട്ടിയില്ലെങ്കിൽ ശ്രീചക്രപൂജ പ്രതിപാദിയ്ക്കുന്ന പുസ്തകം വച്ച് പൂജിച്ചാലും മതിയെന്ന് പറയും. അപ്പോൾ തന്ത്രഗ്രന്ഥങ്ങളെല്ലാം ദേവിയായതുകൊണ്ടാണ് ഗ്രന്ഥങ്ങളൊന്നും നിലത്ത് വയ്ക്കാൻ പാടില്ല എന്ന് പറയുന്നത്.

## മനോന്മനീ

മനോന്മനിയായവൾ. ഇതൊരവസ്ഥയാണ്. ഇത് ശബ്ദത്തിൻെറ ഒരു തലവും കൂടിയാണ്. ഇതു മനസ്സിലാക്കണമെങ്കിൽ ശബ്ദങ്ങളുടെ വിവിധതലങ്ങളെ കുറിച്ച് നാമറിയേണ്ടതുണ്ട്. അവയ്ക്ക് നമ്മുടെ ആധാരചക്രങ്ങളും ആയി ബന്ധമുണ്ട്.

വൈഖരി, മധ്യമാ, പശ്യന്തി, പരാ, ബിന്ദു, അർദ്ധചന്ദ്രൻ, രോധിനി, നാദം, നാദാന്തം, ശക്തി, വ്യാപിനി, സമനി, ഉന്മനി, മനോന്മനി എന്നിവയാണ് ആ ശബ്ദതലങ്ങൾ. ശബ്ദങ്ങളുടെ ആ വിവിധതലങ്ങളെ പരിശോധിയ്ക്കാം.

**വൈഖരീ** നമ്മൾ കേൾക്കുന്ന ശബ്ദം. അവിടെ കേൾക്കുന്ന ശബ്ദവും ആ ശബ്ദം കുറിയ്ക്കുന്ന വസ്തുവും രണ്ടായി നിലകൊള്ളുന്നു. പിന്നീട് **മധ്യമാ**. അത് ചിന്തിയ്ക്കുന്ന തലം. അവിടെ ശബ്ദവും അർത്ഥവും രണ്ടായിട്ടാണെങ്കിലും

ഒരേ സ്ഥലത്ത് ഉണ്ട്, അതായത് മനസ്സിലുണ്ട്. **പശ്യന്തി** ചിന്തിയ്ക്കുവാനുള്ള പ്രേരണ അഥവാ ശബ്ദം പുറപ്പെടുവിയ്ക്കണം എന്ന നിമിഷം. അവിടെ ശബ്ദത്തെ കാണും. അങ്ങനെ ശബ്ദത്തെ കേൾക്കാൻ മാത്രമല്ല കാണാനും സാധിയ്ക്കും എന്ന് നമ്മുടെ ശബ്ദശാസ്ത്രജ്ഞന്മാർക്ക് അറിയാമായിരുന്നു. വൈയാകരണന്മാരിൽ വച്ച് അഗ്രേസരന്മാരായ പണ്ഡിതന്മാരിൽ ഒരാളായ ഭർതൃഹരി ഈ മൂന്ന് തലങ്ങളെ കുറിച്ച് പറഞ്ഞിട്ടുണ്ട്. എന്നാൽ താന്ത്രികന്മാർ പശ്യന്തിയ്ക്ക് അപ്പുറം ഒന്നും കൂടിയുണ്ടെന്ന് പറയുന്നു.

ഈ പശ്യന്തി തലമുണ്ടാകുന്നത് നമ്മുടെ ബോധത്തിനും ചിന്തയ്ക്കും മനസ്സിനും അപ്പുറത്ത് നിന്നായതുകൊണ്ടും ശബ്ദമുണ്ടാകുന്നത് പ്രപഞ്ചോല്പത്തി സ്ഥാനത്ത് നിന്നായതുകൊണ്ട് പ്രപഞ്ചോല്പത്തിസ്ഥാനത്തെ വാക്കും മനസ്സുംകൊണ്ട് പറയാൻ പറ്റാത്തതായതുകൊണ്ടും (ഗ്രഹണശക്തിയ്ക്കും അപ്പുറമായതുകൊണ്ടും) **പരാ** എന്നു വിളിയ്ക്കുന്നു. അപ്പോൾ പരയിൽനിന്ന് പശ്യന്തിയും പശ്യന്തിയിൽനിന്ന് മധ്യമയും മധ്യമയിൽനിന്ന് വൈഖരിയും ഉദ്ഭവിയ്ക്കുന്നു. ആ പരയ്ക്ക് ഒമ്പത് വകഭേദങ്ങൾ. ആധാരപദ്മങ്ങളുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ കണ്ഠത്തിൽ വൈഖരി ശബ്ദവും ഹൃദയത്തിൽ മധ്യമാ ശബ്ദവും നാഭിയിൽ പശ്യന്തീശബ്ദവും മൂലാധാരത്തിൽ പരാശബ്ദവും ആണ് ഉള്ളത്. വിശുദ്ധിചക്രം മുതൽ മൂലാധാരം വരെയും പിന്നെ അവിടെനിന്ന് മുകളിലേയ്ക്കുമാണ് ഇവിടെ വർണ്ണിയ്ക്കുന്നത്. അത് വൈഖരി മധ്യമാ എന്നിങ്ങനെയുള്ള ക്രമത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

പരയുടെ ആദ്യത്തെ തലം ഉച്ചരിയ്ക്കുവാൻ ആവശ്യമായ ഏറ്റവും കുറഞ്ഞ മാത്രയുള്ള ശബ്ദം. അത് **ബിന്ദു**. അതിന്റെ പകുതി ഉച്ചരിയ്ക്കാൻ പറ്റില്ല. അത് **അർദ്ധചന്ദ്രൻ**. അതിന്റെയും പകുതി **രോധിനി**. ഈ രോധിനിയെ തന്ത്രശാസ്ത്രത്തിൽ പ്രതിനിധീകരിയ്ക്കുന്നത് ഒരു ത്രികോണമായിട്ടാണ്. ബിന്ദു ഒരു വൃത്തവും അർദ്ധചന്ദ്രൻ പകുതിവൃത്തവും രോധിനി ഒരു ത്രികോണവും ആണ്. രോധിനിയുടെ മുകളിലുള്ള ശബ്ദതലത്തിലേയ്ക്ക് ബ്രഹ്മവിഷ്ണുമഹേശ്വരന്മാർക്ക് പോലും പോകാൻ സാധ്യമല്ല. ചില തന്ത്രഗ്രന്ഥങ്ങളിൽ ഇതിനെ നിരോധികാ എന്നും വിളിയ്ക്കും.

അതിനപ്പുറം പോകാൻ പൗരാണികമായ 14 ലോകങ്ങളിലും താന്ത്രികമായ 118 ലോകങ്ങളിലും വച്ച് ഒറ്റ ജീവനു മാത്രമേ സാധിയ്ക്കുകയുള്ളൂ. അത് മനുഷ്യനാണ്. രോധിനിയ്ക്ക് അപ്പുറം പോയാൽ പ്രപഞ്ചത്തിന് കാരണഭൂതമായിരിയ്ക്കുന്ന നാദത്തിന്റെ ശ്രവണമുണ്ടാകും. വലതു ചെവിയിൽ ആ നാദം മുഴങ്ങും. അതാണ് **നാദം** എന്ന തലം. ആ നാദത്തിന്റെയും ചുവടു പിടിച്ച് പിന്നെയും മുന്നോട്ട് പോയാൽ നാദത്തിന്റെ അവസാനത്തിൽ എത്തിച്ചേരും. അത് **നാദാന്തം**. നാദാന്തത്തിന്റെയും അവസാനം നാദത്തിന്റെ ഉദ്ഭവം. ഇവിടെ നിന്ന് അങ്ങോട്ട് പോകുമ്പോൾ നാദാന്തം. അവിടെ നിന്ന് ഇങ്ങോട്ട് വരുമ്പോൾ നാദോദ്ഭവം കഴിഞ്ഞ് നാദാന്തം. ആ നാദോദ്ഭവം **ശക്തി** എന്ന വിളിയ്ക്കുന്ന തലമാണ്. ഈ ശക്തി എല്ലായിടത്തും വ്യാപിച്ച് കിടക്കുന്നു. അപ്പോൾ ശക്തിയ്ക്ക് അപ്പുറം **വ്യാപിനി** എന്ന തലം. ഈ വ്യാപിനി പ്രപ

ഞ്ചബോധത്തിൽ ഉണ്ടാകുന്നതാണ്. അതുകൊണ്ട് അത് **സമനീ**. സമനിയ്ക്കും (പ്രപഞ്ചബോധത്തിനും) അപ്പുറമുള്ളത് മനസ്സില്ലാത്തതും പറയാൻ പറ്റാത്തതും **ഉന്മനീ**. സമനിയും ഉന്മനിയും ചേർന്നിട്ടുള്ള അവസ്ഥ **മനോന്മനി**. അതിനെ ശിവവക്ത്രം രുദ്രവക്ത്രം ശക്തിഗഹ്വരം എന്നൊക്കെ വിളിയ്ക്കും.

ഈ ഉന്മനീ എന്ന അവസ്ഥയ്ക്ക് രണ്ടു ഭാഗം. ഒന്ന് പ്രപഞ്ചോന്മുഖമായ ഭാഗം മറ്റൊന്ന് പ്രപഞ്ച വിമുഖമായ ഭാഗം. അപ്പോൾ ഇവിടെ നിന്ന് അങ്ങോട്ട് പോകുകയാണെങ്കിൽ സമനിയിൽ നിന്ന് ഉന്മനിയിലേയ്ക്കും അവിടെ നിന്ന് ഇങ്ങോട്ട് വരുകയാണെങ്കിൽ ഉന്മനി സമനിയിലൂടെ പ്രപഞ്ചത്തിലേയ്ക്കും വരും. അപ്പോൾ ഉന്മനി സമനിമാർ ചേർന്നത് ശിവവക്ത്രം. പ്രപഞ്ചത്തിലേയ്ക്ക് വരണമെങ്കിലും പ്രപഞ്ചാതീതമാകണമെങ്കിലും അതിലൂടെ പോകണം. അതുകൊണ്ട് അത് മനോന്മനീ. മനസ്സിനെ ഉന്മനാവസ്ഥയിലേയ്ക്ക് (മനസ്സില്ലാത്ത അവസ്ഥയിലേയ്ക്ക്) കൊണ്ടുപോകാൻ സഹായിയ്ക്കുന്ന ദേവി മനോന്മനീ.

പ്രപഞ്ചോന്മുഖനായിട്ടുള്ള ഈശ്വരൻ സമനി. പ്രപഞ്ചവിമുഖനായിട്ടുള്ള ഈശ്വരൻ ഉന്മനി. സമനിയും ഉന്മനിയും ചേർന്നിട്ടുള്ള അവസ്ഥ മനോന്മനി. ഈ ദേവിയിലൂടെയാണ് ശിവൻ പ്രപഞ്ചമായിത്തീർന്നത്. ഈ ദേവിയിലൂടെയാണ് പ്രപഞ്ചികന്മാർക്ക് ശിവപദം ലഭിയ്ക്കുന്നത്. അതുകൊണ്ട് ഈ ദേവിയ്ക്ക് മനോന്മനി എന്ന നാമം. ഇതിൻെറ സ്ഥാനം മനുഷ്യശരീരത്തിൽ ആജ്ഞാചക്രത്തിൻെറയും ബ്രഹ്മരന്ധ്രത്തിൻെറയും ഇടയ്ക്കാണ്. ഇത് അനുഭവിച്ചു മാത്രമേ അറിയാൻ സാധിയ്ക്കുകയുള്ളൂ. രോധിനി മുതലുള്ള തലങ്ങൾക്ക് ഒരോ നിറവും ആകൃതിയുമുണ്ട്. മനോന്മനീ എന്നത് ഒരു മുദ്രയും കൂടിയാണ്. കണ്ണുകൾ നിശ്ചലങ്ങളായി അതും പുറത്തും ചൈതന്യമാണ് താൻ ചിദാനന്ദനാണെന്ന ബോധത്തിൽ നിഷ്ണാതനാകുന്നതാണ് മനോന്മനീ എന്ന അവസ്ഥ.

(തുടരും)

---

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (5)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞ ലക്കം തുടർച്ച)

**സ്തുതി – 28**

*നമോ നമസ്തേമൃതഭാനുമൗലയേ*
*നമോ നമസ്തേമൃതസിദ്ധിദായിനേ*
*നമോ നമസ്തേമൃതകുംഭപാണയേ*

*നമോ നമസ്തേമൃതഭൈരവാത്മനേ*

അർത്ഥം - അല്ലയോ പരമേശ്വരാ! ചന്ദ്രശേഖരനായ അങ്ങേക്ക് വീണ്ടും വീണ്ടും നമസ്കാരം. അമൃതസിദ്ധിയെ അഥവാ മോക്ഷസിദ്ധിയെ പ്രദാനം ചെയ്യുന്ന അങ്ങയെ സദാ പ്രണമിക്കുന്നു. അമൃതകലശം കയ്യിലേന്തിയ അല്ലയോ മൃത്യുഞ്ജയാ! അങ്ങേക്ക് പ്രണാമം. അങ്ങയുടെ ഭയാനകമായ കഥാപാത്രത്തിലൂടെ സമസ്ത ലോകങ്ങളേയും ഭയപ്പെടുത്തുന്ന അല്ലയോ ഭൈരവാ! അങ്ങേക്ക് എല്ലായ്പ്പോഴും നമസ്കാരം.

## സ്തുതി – 29

*നമസ്തമഃപാരപരാർധ്യവൃത്തയേ*
*നമഃ സമസ്താധ്വവിഭക്തശക്തയേ*
*നമഃ ക്രമവ്യസ്തസമസ്തമൂർത്തയേ*
*നമഃ ശമസ്ഥാർപിതഭക്തിമുക്തയേ*

അർത്ഥം - ആരുടെ ഉത്കൃഷ്ടമായ സ്ഥിതിയാണോ അജ്ഞാനത്തേക്കാൾ ഉയർന്നത് ആ പരമേശ്വരനായ ശിവന് എന്റെ നമസ്കാരം. ആരാണോ സമസ്ത മാർഗങ്ങളിലും സ്വന്തം ഫലപ്രദമായ ശക്തിയെ തുല്യമായി ഭാഗിച്ചിരിക്കുന്നത്, ആ ഈശ്വരന് പ്രണാമം. ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ തുടങ്ങിയ രൂപങ്ങളായി ആരാണോ തന്നിലുള്ള സമസ്ത മൂർത്തികളേയും വേർതിരിച്ചിരിക്കുന്നത്, ആ പരമ ദയാലുവിന് എന്റെ നമസ്കാരം. ശാന്തിയിൽ സ്ഥിതിചെയ്തുകൊണ്ട് (സന്തോഷവനായി) ജനങ്ങൾക്ക് ഭക്തിയും മുക്തിയും പ്രദാനം ചെയ്യുന്ന ശങ്കരനെ ഞാൻ പ്രണമിക്കുന്നു.

## സ്തുതി – 30

*വിജയജയപ്രദായ ശബരായ വരായ നമഃ*
*സകലകങ്കസങ്കരഹരായ ഹരായ നമഃ*
*ജഗദഗദപ്രഗൽഭവിഭവായ ഭവായ നമഃ*
*പ്രവരവരപ്രകാശിതശിവായ ശിവായ നമഃ*

ഇതി കാശ്മീരകമഹാകവിശ്രീജഗദ്ധരഭട്ടവിരചിതേ ഭഗവതോ മഹേശ്വരസ്യ 'സ്തുതി-കുസുമാഞ്ജലൗ' 'നമസ്കാരാത്മകം' ദ്വിതീയം സ്തോത്രം.

അർത്ഥം - അർജ്ജുനന് വിജയം പ്രദാനം ചെയ്യുന്നതിനായിക്കൊണ്ട് അതിവിചിത്രമായ കിരാതരൂപത്തെ ധരിച്ച ശിവന് നമസ്കാരം. മനസ്സ്, വാക്ക്, ശരീരം എന്നിവകളാൽ ആർജ്ജിതമായ പാപദോഷങ്ങളെ ഇല്ലാതാക്കുന്ന മഹേശ്വരന് പ്രണാമം. ആരുടെ ഐശ്വര്യത്താലാണോ സമസ്ത ജഗത്തിന്റെയും നിർബന്ധബുദ്ധികളെ (പിടിവാശികളെ) ഇല്ലാതാക്കുന്നത്, ആ ലോകമംഗളകാരിയായ ശിവന് നമസ്കാരം. ആരാണോ ഭക്തർക്ക് ശ്രേഷ്ഠമായ വരദാനത്തെ നൽകി സ്വന്തം മംഗളസ്വരൂപത്തെ പ്രകടമാക്കുന്നത്, ആ പരമ മംഗളദായകനായ സദാശിവന് പ്രണാമം.

കാശ്മീര മഹാകവിയായ ശ്രീജഗദ്ധരഭട്ടൻ രചിച്ച ഭഗവാൻ മഹേശ്വരന്റെ 'സ്തുതികുസുമാഞ്ജലി' യിലെ 'നമസ്കാരാത്മകം' എന്ന പേരിലുള്ള രണ്ടാമത്തെ സ്തോത്രം അവസാനിച്ചു.

# തൃതീയ സ്തോത്രം
## (ആശീർവാദസ്വരൂപം)

### സ്തുതി– 1

*നിത്യം നിരാവൃതി നിജാനുഭവൈകമാന-*
*മാനന്ദധാമ ജഗദങ്കുരബീജമേകം*
*ദിഗ്ദേശകാലകലനാദിസമസ്തഹസ്ത-*
*മർദാസഹം ദിശതു ശർമ മഹന്മഹോ നഃ*

അർത്ഥം - ഭൂതം-വർത്തമാനം-ഭാവി രൂപങ്ങളിൽ സത്താരൂപത്തിൽ നിത്യമായി വർത്തിക്കുന്നവനും, അവിദ്യാകാരണമായ മായയുടെ ആവരണം ഇല്ലാത്തതും, കേവലം ഏകമായ സ്വന്തം അനുഭവം ആരുടെ പ്രമാണമാണോ, അതുപോലെ ആനന്ദത്തിന്റെ പരമമായ വാസസ്ഥാനവും, അതുപേലെ സമസ്ത ജഗദ്രൂപമായ അങ്കുരങ്ങൾക്ക് ഏകമായ മൂലകാരണവും. അപ്രകാരം സമസ്തങ്ങളായ ദിക്ക്, ദേശം, കാലം എന്നിവകൾക്ക് കാരണമായതും, ശൂന്യവുമായ ആ മഹത്തായ ജ്യോതി (ശങ്കരന്റെ തേജസ്സ്) ഞങ്ങൾക്ക് മംഗളത്തെ പ്രദാനം ചെയ്യട്ടെ.

### സ്തുതി – 2

*വ്യോമ്നീവ നീരദഭരഃ സരസീവ വീചി-*
*വ്യൂഹഃ സഹസ്രമഹസീവ സുധാംശുധാമ*
*യസ്മിന്നിദം ജഗദുദേതി ച ലീയതേ ച*
*തച്ഛാംഭവം ഭവതു വൈഭവമൃദ്ധയേ നഃ*

അർത്ഥം - ആകാശത്തിലെ മേഘക്കൂട്ടങ്ങൾക്ക് സമാനമായതും, നദിയിലെ തരംഗസമൂഹത്തിന് സമാനമായതും, സൂര്യനിൽ ചന്ദ്രന്റെ തേജസ്സിനു സമാനമായതും, ആ ശക്തിശാലിയായ പരമേശ്വരന്റെ വൈഭവത്തിൽ അസംഭവ്യമായ സംഭവങ്ങൾ പോലും സംഭവ്യമാക്കുന്ന മായയുടെ യോഗത്താൽ ആണ് ഈ സമസ്ത ജഗത്തിലെയും ഉദയാസ്തമയങ്ങൾ (ഉത്പന്ന-നഷ്ടങ്ങൾ) സംഭവിക്കുന്നത്. ആ ശ്രീശങ്കരന്റെ തുലനം ചെയ്യാൻ സാധിക്കാത്ത ആ വൈഭവം ഞങ്ങളുടെ സമൃദ്ധിക്കായിക്കൊണ്ടാണ്.

### സ്തുതി – 3

*ലോകത്രയസ്ഥിതിലയോദയകേലികാരഃ*
*കാര്യേണ യോ ഹരിഹരദ്രുഹിത്വമേതി*
*ദേവഃ സ വിശ്വജനവാങ്മനസാതിവൃത്ത-*

*ശക്തിഃ ശിവം ദിശതു ശശ്വദനശ്വരം വഃ*

അർത്ഥം - ജീവജാലങ്ങളുടെ ഉപകാരത്തിനായിക്കൊണ്ട് മൂന്നു ലോകങ്ങളുടേയും സ്ഥിതി, സംഹാരം, ഉത്പത്തി രൂപത്തിൽ ക്രീഡ ചെയ്തുകൊണ്ടിരിക്കുന്ന ആ വിഷ്ണു, രുദ്രൻ, ബ്രഹ്മാവ് രൂപം ധരിച്ചിരിക്കുന്ന ആ ശക്തി സമസ്ത ജീവികളുടേയും വാക്ക്, മനസ്സ് എന്നിവയിൽ അത്യന്തം കഠിനമായതാണ്. ആ സ്വയംപ്രകാശപരമേശ്വരൻ (സദാശിവൻ) ജനങ്ങളിൽ സദാ ക്ഷയിക്കാത്ത മംഗളത്തെ (മോക്ഷത്തെ) പ്രദാനം ചെയ്യട്ടെ.

## സ്തുതി – 4

*സർവ്വഃ കിലായമവശഃ പുരുഷാണുകർമ-*
*കാലാദികാരണഗണോ യദനുഗ്രഹേണ*
*വിശ്വപ്രപഞ്ചരചനാചതുരത്വമേതി*
*സ ത്രായതാം ത്രിഭുവനൈമഹേശ്വരോ വഃ*

അർത്ഥം - പുരുഷൻ, പരമാണു, ശുഭാശുഭകർമ്മം, കാലം ഇത്യാദി ഈ ജഗത്തിന്റെ ഉപാദാനം, നിമിത്തം, സഹകാരി കാരണങ്ങൾക്ക് എതൊന്നാണോ കാരണമായിരിക്കുന്ന ഗണം, ആ ഗണത്തിന് എതൊരു പരമേശ്വരന്റെ കൃപയാലാണോ ഈ വിശ്വപ്രപഞ്ചത്തെ നിർമ്മിക്കുന്നതിന് നിപുണനായിരിക്കുന്നത്, ആ ത്രിലോകിയായ ഈശ്വരനായ അങ്ങ് നിങ്ങളെ രക്ഷിക്കട്ടെ.

## സ്തുതി – 5

*എകസ്യ യസ്യ സകലഃ കരണാനപേക്ഷ-*
*ജ്ഞാനക്രിയസ്യ പുരതഃ സ്ഫുരതി പ്രപഞ്ചഃ*
*പശ്യഞ്ജഗത് കരതലാമലകീഫലാഭം*
*ലാഭം സ പുഷ്യതു പരം പരമേശ്വരോ വഃ*

അർത്ഥം - ഏതൊരു കാരണങ്ങളേയും ഗൗനിക്കാതെയിരിക്കുന്ന ജ്ഞാനശക്തിയാലും ക്രിയാശക്തിയാലും സമ്പന്നമായ ആ ഏകമായ അദ്വിതീയമായ പരമേശ്വരന്റെ മുന്നിൽ ഈ സമസ്ത പ്രപഞ്ചവും ഇച്ഛാമാത്രയിൽ തന്നെ സ്ഫുരിക്കുന്നു. കരതലാമലകം (കൈയ്യിലുള്ള നെല്ലിക്ക) എന്നപോലെ ഈ പ്രപഞ്ചത്തെ നോക്കികാണുന്ന ആ പരമേശ്വരൻ നിങ്ങളുടെ പരമമായ അറിവിനെ പുഷ്ടിപ്പെടുത്തട്ടെ.

## സ്തുതി – 6

*യഃ കന്ദുകൈരിവ പുരന്ദരപദ്മസദ്മ-*
*പദ്മാപതിപ്രഭൃതിഭിഃ പ്രഭുരപ്രമേയഃ*
*ഖേലത്യലങ്ഘ്യമഹിമാ സ ഹിമാദ്രികന്യാ-*
*കാന്തഃ കൃതാന്തദലനോ ലഘയത്വഘം വഃ*

അർത്ഥം - ഏതൊരു അപ്രമേയയിട്ടുള്ള പ്രഭുവാണോ ഇന്ദ്രൻ, ബ്രഹ്മാ

വ്, വിഷ്ണു എന്നീ ദേവതകളെ പന്തെന്നപോലെ കളിക്കുന്നത്, അതായത് എപ്രകാരമാണോ കുട്ടികൾ പന്തിനെ മുകളിലേക്കും താഴേക്കും ഒക്കെ അടിച്ചുകളിക്കുന്നത്, അപ്രകാരം പരമശിവൻ ബ്രഹ്മാദി ദേവകളെ ക്ഷണത്തിൽ തന്നെ താഴേക്കു ഇടുകയും മുകളിലേക്കു ഉയർത്തുകയും ചെയ്യുന്നു. അങ്ങനെയുള്ള മരണത്തെ ഇല്ലാതാക്കിയവനും, വാക്കുകൾക്കൊണ്ട് വിവരിക്കാൻ സാധിക്കാത്തവനും, ഗിരിജാപതിയുമായ ഭഗവാൻ സദാശിവൻ നിങ്ങളുടെ പാതകങ്ങളെ നശിപ്പിക്കട്ടെ.

## സ്തുതി – 7

*സേവാനമന്നിഖിലഖേചരമൗലിരത്ന-*
*രശ്മിച്ഛടാപടപാചലപാദപീഠഃ*
*പുഷ്ണാതു ധാമപിശീകൃതശൈലശൃങ്ഗ-*
*ത്വങ്ഗന്മൃഗാങ്കമധുരാകൃതിരീശ്വരോ വഃ*

അർത്ഥം - എല്ലാവരേയും സേവിക്കാനായിക്കൊണ്ട് സ്ഥിതിചെയ്യുന്ന സമസ്ത ബ്രഹ്മാദി ദേവതകളുടേയും കിരീടത്തിൽ വിരാജിക്കുന്ന രത്നങ്ങളുടെ ശോഭ അങ്ങയുടെ പാദപീഠത്തിൽ പതിച്ച്, ആ പാദപീഠം പർവ്വതശിഖരത്തിൽ വിരാജിക്കുന്ന അസ്തമയചന്ദ്രന്റെ ചുവപ്പുനിറമെന്നപോലെ ശോഭിക്കുന്നു. അങ്ങനെയുള്ള ആ ഈശ്വരൻ നിങ്ങളുടെ കഴിവുകളെ പുഷ്ടിപ്പെടുത്തട്ടെ.

## സ്തുതി – 8

*അങ്ഗം ഭുജങ്ഗരചിതാങ്ഗദഭങ്ഗി തുങ്ഗം*
*ത്വങ്ഗത്തരങ്ഗ ഗഗനാങ്ഗസങ്ഗിഗങ്ഗം*
*ബിഭ്രദ്വിഭുർവിഹിതരങ്ഗദനങ്ഗഭങ്ഗ-*
*മങ്ഗീകരോത്വരമഭങ്ഗുമിങ്ഗിതം വഃ*

അർത്ഥം - ആരിലാണോ അനന്തൻ തുടങ്ങിയ നാഗങ്ങൾ കൈകളിൽ ഭൂഷണമായി ശോഭിക്കുന്നത്, ആ ഉന്നതമായ കൈകളേപ്പോലെ തന്നെ ഉയർന്നുപൊങ്ങുന്ന തരങ്ഗങ്ങളോടു കൂടിയ ആകാശഗംഗ (മന്ദാകിനീ) ആരുടെ മസ്തകത്തിലാണോ വിരാജിക്കുന്നത്, അതുപോലെ കാമദേവനെ ഭസ്മമാക്കിയ ആ ദിവ്യമായ നെറ്റി ധരിച്ചിരിക്കുന്നവനുമായ ആ സർവ്വവ്യാപിയായ ശിവൻ നിങ്ങളുടെ അഭങ്ഗുരമായ ആഗ്രഹങ്ങളെ ശീഘ്രത്തിൽ പൂർത്തീകരിപ്പിക്കട്ടെ.

## സ്തുതി –9

*യഃ കുണ്ഡമണ്ഡലകമണ്ഡലുമന്ത്രമുദ്രാ-*
*ധ്യാനാർച്ചനസ്തുതിജപാദ്യപദേശയുക്ത്യാ*
*ഭോഗാപവർഗദമനുഗ്രഹമാനതാനാം*
*വ്യാനഞ്ജ രഞ്ജയതു സ ത്രിജഗദ്ഗുരുർവഃ*

അർത്ഥം - ആരാണോ ഗുരുക്കന്മാരുടെ മുഖത്തുനിന്ന് അഗ്നികുണ്ഡം, യാഗമണ്ഡലം, കമണ്ഡലു, മന്ത്രം, ആവാഹനം എന്നീ മുദ്രകളും ധ്യാനം,

പൂജനം, സ്തുതി, ജപം എന്നിവകളേയും സ്വീകരിച്ചുകൊണ്ട് ഭക്തജനങ്ങൾക്ക് ഭുക്തിയേയും മുക്തിയേയും നൽകിക്കൊണ്ട് മഹത്തായ അനുഗ്രഹത്തെ പ്രകടമാക്കുന്നത്, അങ്ങനെയുള്ള ത്രിലോകങ്ങളുടേയും ജഗത്തിന്റേയും ഗുരുവായ ശിവൻ നിങ്ങളുടെ ആഗ്രഹങ്ങളെല്ലാം സാധിപ്പിച്ച് നിങ്ങളെ മനോഹരമാക്കട്ടെ.

**സ്തുതി – 10**

*ശംഭോരദഭ്രശരദഭ്രതുഷാരശുഭ്രം*
*ഭ്രാജിഷ്ണുഭൂതിഭശീഭരഭാസ്വരാഭം*
*ദിശ്യാദ്വപൂർഭസനീലഗളം കളങ്കാ-*
*ലങ്കാരശാരദശശാങ്കനിഭം ശുഭം വഃ*

അർത്ഥം - ശരത്കാലത്തിലെ ഇടതൂർന്ന മേഘം, മഞ്ഞ് ഇവകൾക്ക് സമാനമായ വെള്ള നിറത്തേപോലെ സുമനോഹരമായ ഭസ്മപടലങ്ങളാൽ തിളങ്ങുന്നതുമായ കാന്തിയോകൂടി ശോഭിക്കുന്നവനും അപ്രകാരം വണ്ടിനോട്ടു സമാനമായ നീല കഴുത്തോടുകൂടി വിരാജിക്കുന്നവനും, കളങ്കത്തെ ധരിച്ചിരിക്കുന്ന ശരത്കാലത്തെ പൂർണചന്ദ്രന് സമാനമായി അതിരമ്യനുമായ ശ്രീശങ്കരന്റെ ആ ദിവ്യ ശരീരം നിങ്ങൾക്ക് മംഗളത്തെ പ്രദാനം ചെയ്യട്ടെ.

(തുടരും)

---

# ഭഗവദ്ഗീതാ ഒരു പുനർവായന (24)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

ഇതികർത്തവ്യതാമൂഢത വന്നപ്പോൾ മാത്രമാണ് അർജ്ജുനൻ ശ്രീകൃഷ്ണനെ ശരണം പ്രാപിയ്ക്കുവാൻ തീരുമാനിച്ചത്. അതിപ്രകാരം -

*കാർപണ്യദോഷോപഹതസ്വഭാവഃ*
*പൃച്ഛാമി ത്വാം ധർമസംമൂഢചേതാഃ*
*യച്ഛ്രേയഃ സ്യന്നിശ്ചിതം ബ്രൂഹി തന്മേ*
*ശിഷ്യസ്തേഽഹം ശാധി മാം ത്വാം പ്രപന്നം* 7

നിന്നെ ആശ്രയം പ്രാപിയ്ക്കുന്നവനും ശിഷ്യനായിരിയ്ക്കുന്നവനുമായ എന്നെ വേണ്ടവിധത്തിൽ ശാസിച്ചാലും. തന്റെ സ്വഭാവത്തെ കാർപണ്യദോഷം ഉപഹതമാക്കി അതായത് നശിപ്പിച്ചു എന്ന് അർജ്ജുനൻ മനസ്സിലാക്കി. തന്റെ നൈസർഗ്ഗികമായ സ്വഭാവത്തെ കൃപണതാ എന്ന ദോഷം നശിപ്പിച്ചു എന്ന്. സ്വഭാവമെന്നാൽ ധർമ്മം എന്നർത്ഥം പറയാം. കാർപണ്യം എന്നത് പിശുക്കാണ്. പിശുക്ക് എന്നത് സങ്കുചിതത്വമാണ്. എന്റേത് എന്നതിനെ വിട്ടുകൊ

ടുക്കാതിരിയ്ക്കുന്നതാണ് പിശുക്ക്. എന്റേത് എന്നത് ഞാൻ ആർക്കും കൊടുക്കു കയില്ല എന്നു മാത്രമല്ല ഈ ലോകത്തുള്ളതെല്ലാം എന്റേതാക്കി ചുരുക്കുവാൻ ഞാൻ സദാ പരിശ്രമിച്ചുകൊണ്ടിരിയ്ക്കുന്നു. ഇതാണ് കാർപണ്യം അല്ലെങ്കിൽ കൃപണതാ അഥവാ പിശുക്ക്. ഇത് മമത്വം തന്നെയാണ്. ഈ മമത്വത്തിന് അധീനനാണ് അർജ്ജുനൻ. കാരണം എതിരെ നിൽക്കുന്നവരെ യോദ്ധാ ക്കളായിട്ടല്ല അർജ്ജുനൻ കാണുന്നത്. മറിച്ച് സ്വബന്ധുക്കളായിട്ടാണ് കാ ണുന്നത്. ബന്ധുക്കളെ കൊല്ലാൻ പാടില്ല എന്ന ഒരു കാഴ്ചപാട്. അഥവാ കൊന്നാൽ അത് തെറ്റല്ലേ എന്ന മറ്റൊരു കാഴ്ചപാട്. ഏതെങ്കിലും ഫലത്തിനു വേണ്ടി പ്രവർത്തിയ്ക്കുന്നത് ശരിയല്ല എന്ന ഇനിയൊരു കാഴ്ചപാട്. ഇത്തരത്തി ലുള്ള അർജ്ജുനന്റെ കാഴ്ചപാടുകൾക്കെല്ലാം കാരണം മമത്വം. മമത്വം കാരണം നൈസർഗ്ഗികമായ സ്വഭാവം നശിച്ചു. ഇത് അർജ്ജുനൻ മനസ്സി ലാക്കി. എന്താണ് ധർമ്മം എന്താണ് അധർമ്മം എന്ന് തിരിച്ചറിയാൻ പറ്റാ ത്ത മനഃസ്ഥിതിയോട് കൂടിയവനുമായി എന്ന് ശ്ലോകം ധർമസംമൂഢചേതാഃ എന്ന് വ്യക്തമാക്കുന്നു. ശരിതെറ്റുകളെ മനസ്സിലാക്കുവാൻ മമത്വംകൊണ്ട് ഉണ്ടായ സ്വഭാവനാശത്താൽ തനിക്ക് സാധിയ്ക്കുന്നില്ല എന്ന അർജ്ജുനൻ ശ്രീകൃഷ്ണപരമാത്മാവിനോട് ഇപ്രകാരം ചോദിക്കുന്നു. യാതൊന്നാണോ ശരി യ്ക്കും ശരിയായിട്ടുള്ളത് അഥവാ ശ്രേയസ്സിനായിട്ടുള്ളത് അല്ലെങ്കിൽ ഊർദ്ധ്വ ഗതിയ്ക്ക് ഉതകുന്നകുന്നത് അത് എനിക്ക് പറഞ്ഞു തന്നാലും. ഞാൻ അങ്ങയെ ആശ്രയം പ്രാപിയ്ക്കുന്നു എന്നും ശിഷ്യനായി എന്നെ സ്വീകരിച്ച് വേണ്ടവിധത്തി ൽ പഠിപ്പിച്ചാലും എന്നും അർജ്ജുനൻ ശ്രീകൃഷ്ണനോട് അപേക്ഷിയ്ക്കുന്നു. ഇപ്പോ ഴാണ് അർജ്ജുനൻ തന്റെ മുമ്പിൽ നിൽക്കുന്നത് ഈശ്വരനാണ് എന്ന് തിര ച്ചറിയുന്നത്. ഈ അറിവ് അർജ്ജുനന്റെ ഉപബോധമനസ്സിലുണ്ട്. യുദ്ധം തുടങ്ങുന്നതിനു മുമ്പ് യുധിഷ്ഠിരൻ യുദ്ധം ജയിയ്ക്കുമോ ഇല്ലയോ എന്ന് ചോദിയ്ക്കു മ്പോൾ അർജ്ജുനൻ ഇപ്രകാരം പറയുന്നു - എവിടെയാണോ കൃഷ്ണൻ അവി ടെയാണ് ജയം എന്ന് നാരദാദികൾ പറഞ്ഞിട്ടുണ്ട് എന്ന്. കൃഷ്ണൻ പരമമായ തിന്റെ പ്രത്യക്ഷരൂപമാണെന്ന് അർജ്ജുനന് അറിയാം. പക്ഷേ അർജ്ജുനൻ ഇതുവരെ തിരിച്ചറിയുന്നില്ല. ഇതുവരെ സ്വശരിതെറ്റുകളിൽ മുഴുകിനിന്നുകൊ ണ്ടാണ് സ്വതീരുമാനങ്ങളെ നോക്കി കണ്ടത്. അങ്ങനെ സ്വനിഗമനങ്ങളെ തുടരെ തുടരെ പറഞ്ഞ് എന്താണ് ചെയ്യേണ്ടത് എന്ന തിരിച്ചറിയാൻ വയ്യാ തെയായി. അപ്പോഴാണ് അർജ്ജുനൻ തന്റെ മുമ്പിൽ നിൽക്കുന്ന ഈശ്വര നെ തിരിച്ചറിയുന്നത്. എപ്പോഴാണോ സ്വപ്രയത്നം കൊണ്ട് കൃത്യമായ ഒരു തീരുമാനങ്ങളിൽ എത്താൻ സാധിയ്ക്കുന്നില്ല എന്ന് മനസ്സിലായത് അപ്പോഴാ ണ് അർജ്ജുനൻ ശരണാഗതിയെ പ്രാപിയ്ക്കുന്നത്. ഇതുപോലെതന്നെ അതു വരേയ്ക്കും ആർക്കും ശരണാഗതിയെ പ്രാപിയ്ക്കുവാൻ സാധിയ്ക്കില്ല. എപ്പോഴാണോ നമ്മുടെ പ്രയത്നത്തിന്റെയും ചിന്തയുടെയും പരിമിതിയെ നമുക്ക് മനസ്സിലാകു ന്നത് ആ ക്ഷണത്തിൽ സംഭവിയ്ക്കുന്നതാണ് ശരണാഗതി.

(തുടരും)

# ബോധപഞ്ചദശിക

ഡോ. അജിതൻ പി.ഐ.

*സംകോചം ദളയതി ഹൃത്സരോരുഹാണാം*
*ഗോഭിര്യസ്സകലദിഗന്തസർപ്പിണീഭിഃ*
*ആലോകം ദിശതു ദൃശാമലൌകികം നഃ*
*സ ശ്രീമാനഭിനവഗുപ്തനാഥസൂര്യഃ*

തന്റെ സർവ്വദിക്കുകളിലും പ്രസരിക്കുന്ന രശ്മികളെക്കൊണ്ട് ഹൃദയമാകുന്ന താമരകളുടെ സങ്കോചത്തെ ഇല്ലാതാക്കുന്ന അഭിനവഗുപ്തപാദരാകുന്ന സൂര്യൻ ഞങ്ങൾക്ക് ലോകോത്തരമാകുന്ന പ്രകാശത്തെ തരട്ടെ.

*യസ്താപം ഹരതി തമാംസി ച സ്വഭാസാ*
*സ്വച്ഛാത്മാ സകലകലാകലാപപൂർണ്ണഃ*
*ആനന്ദം ദിശതു ദൃശാമമന്ദമന്തഃ*
*സ ശ്രീമാനഭിനവഗുപ്തനാഥചന്ദ്രഃ*

സ്വപ്രഭകൊണ്ട് ചൂടിനെയും ഇരുട്ടിനേയും ഇല്ലാതാക്കുന്നവനും നിർമ്മലനും സകലകലകളോടു കൂടിയവനുമായ അഭിനവഗുപ്തപാദരാകുന്ന ചന്ദ്രൻ ഞങ്ങളുടെ അകക്കണ്ണുകൾക്ക് ആനന്ദത്തെ തരട്ടെ.

ഈ രണ്ടു ശ്ലോകങ്ങളും ദക്ഷിണേന്ത്യക്കാരനായിരുന്ന മധുരാജയോഗിയുടെ ഗുരുനാഥപരാമർശം എന്ന അഭിനവഗുപ്തപാദരെ സ്തുതിച്ചുകൊണ്ടുള്ള കൃതിയിൽ നിന്നും എടുത്തതാണ്.

## ശ്ലോകം ഒന്ന്

*അനസ്തമിതഭാരൂപസ്തേജസാം തമസാമപി*
*യ ഏകോന്തർയ്യദന്തശ്ച തേജാംസി ച തമാംസി ച*

അന്വയം - യഃ അനസ്തമിതഭാരൂപഃ ഏകഃ (സഃ) തേജസാം തമസാം അപി അന്തഃ (വർത്തതേ). തേജാംസി തമാംസി ച യദന്തഃ (വർത്തന്തേ).

അർത്ഥം - യാതൊരുവനാണോ അസ്തമിക്കാത്ത പ്രകാശരൂപത്തോടെയും ഏകനായുമിരിക്കുന്നത് അവൻ പ്രകാശരൂപങ്ങളുടേയും തമോരൂപങ്ങളുടേയും ഉള്ളിൽ വർത്തിക്കുന്നു. മറ്റു പ്രകാശരൂപങ്ങളും തമോരൂപങ്ങളും ഇതിന്റെ ഈ പ്രകാശരൂപത്തിന്റെ ഉള്ളിൽ നിലകൊള്ളുന്നു.

ഭാവാർത്ഥം - ഈ ശ്ലോകത്തിലൂടെ അഭിനവഗുപ്തപാദർ പ്രകാശം എന്ന

പരമമായ ഒരവസ്ഥയെ അല്ലെങ്കിൽ ശിവൻ എന്ന തത്വത്തെയാണ് അനാവരണം ചെയ്യുന്നത്. അതോടൊപ്പം തന്നെ വിശ്വാത്മകം, വിശ്വോത്തീർണ്ണം എന്നീ രണ്ട് സങ്കല്പങ്ങളേയും ഈ ശ്ലോകത്തിൽ ഉൾക്കൊള്ളിച്ചതായി കാണാം. അതെങ്ങനെയാണെന്ന് ക്രമേണ നോക്കാം.

വസ്തുക്കളെ വെളിപ്പെടുത്തുന്നതാണ് പ്രകാശം. വെളിച്ചമാണ് ഈ ഭൂമിയിലുള്ള സകലവസ്തുക്കളെക്കുറിച്ചുമുള്ള അറിവ് നമുക്കുണ്ടാക്കിത്തരുന്നത്. പ്രകാശത്തിന്റെ അഭാവമാണ് ഇരുട്ട് എന്നത്. ഈ രണ്ടിനെക്കുറിച്ചുമുള്ള അറിവ്, അതായത് വെളിച്ചത്തെക്കുറിച്ചും ഇരുട്ടിനെക്കുറിച്ചും, നമ്മൾക്കെല്ലാവർക്കും നിരന്തരമുണ്ടാവുന്നുണ്ട്. ആ അറിവുണ്ടാക്കിത്തരുന്ന ബോധത്തെയാണ് (consciousness) ഇവിടെ പ്രകാശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ആ ബോധമില്ലെങ്കിൽ ഒന്നിനെക്കുറിച്ചുമുള്ള അറിവും ഉണ്ടാകുന്നില്ല. ഇതാണ് നമ്മുടെ എല്ലാവരുടേയും അനുഭവം. ഈയൊരാശയം പേറുന്ന വരികൾ നമുക്ക് എഴുത്തച്ഛന്റെ ഹരിനാമകീർത്തനത്തിൽ കാണാവുന്നതാണ്. അതിപ്രകാരമാണ്.

***അർക്കാനലാദി വെളിവൊക്കെ ഗ്രഹിക്കുമൊരു
കണ്ണിന്നു കണ്ണു മനമാകുന്ന കണ്ണതിനു
കണ്ണായിരുന്ന പൊരുൾ താനെന്നുറയ്ക്കുമള-
വാനന്ദമെന്തു! ഹരിനാരായണായ നമഃ***

നമ്മൾക്കറിയാവുന്ന എല്ലാ പ്രകാശങ്ങളും ഒരുനാൾ അസ്തമിക്കും. എന്നാൽ ഈ പ്രകാശം അഥവാ ബോധം അത് ഒരിക്കലും ഇല്ലാതാകുന്നില്ല. അതുകൊണ്ടാണ് ഈ പ്രകാശത്തെ അനസ്തമിതഭാരൂപഃ ഒരിക്കലും അസ്തമിക്കാത്ത പ്രകാശം എന്നു വിശേഷിപ്പിച്ചത്.

ഈ പ്രകാശത്തിന് (consciousness) വേറൊരു പ്രത്യേകത കൂടി ഉണ്ട്. അതിന് തന്നെക്കുറിച്ചുതന്നെ ഉള്ള അറിവുണ്ട്. അതായത് താൻ ഉണ്ടെന്നുള്ള ഒരു ബോധമുണ്ട്. തനിക്ക് തന്നെത്തന്നെ അറിയാൻ സാധിക്കും. ഇതിനെയാണ് സ്വവിമർശനം, സ്വപരാമർശനം, സ്വാമർശനം എന്നൊക്കെ ശാസ്ത്രങ്ങളിൽ വിശേഷിപ്പിക്കുന്നത്. അതോടൊപ്പം തന്നെ മറ്റെല്ലാത്തിനേയും അറിയിച്ചുതരാനും സാധിക്കും. നമ്മൾക്കറിയാവുന്ന പ്രകാശങ്ങൾക്കാവട്ടെ, അവ സൂര്യനോ മറ്റ് നക്ഷത്രങ്ങളോ, അഗ്നിയോ, മിന്നലോ എന്തുമാവട്ടെ, അതിനെക്കുറിച്ചുതന്നെ ഉള്ള അറിവില്ല. മറ്റുള്ള വസ്തുക്കളെ കാണിച്ചുതരാൻ മാത്രമേ അവയ്ക്ക് സാധിക്കുള്ളൂ. ഇങ്ങനെ സ്വയം അറിയാൻ (self reflection) കെല്പില്ലാത്ത പദാർത്ഥങ്ങളെയാണ് ഈ ശാസ്ത്രത്തിൽ ജഡങ്ങൾ, തമസ്സുകൾ എന്നൊക്കെ പറയുന്നത്.

എല്ലാ വസ്തുക്കളേയും പ്രകാശിപ്പിക്കുന്ന ഒരേ ഒരു പ്രകാശം ശിവനാണ്. ബാക്കിയുള്ളവ പ്രകാശിക്കുന്നത് ശിവനാകുന്ന പ്രകാശം അവയെ പ്രകാശിപ്പിക്കു ന്നതുകൊണ്ടാണ്. ഒരു ഉപനിഷദ് വചനം ഇവിടെ സ്മർത്തവ്യമാണ്.

*ന തത്ര സൂര്യോ ഭാതി ന ചന്ദ്രതാരകം*
*നേമാ വിദ്യുതോ ഭാന്തി കുതോയമഗ്നിഃ*
*തമേവ ഭാന്തമനുഭാതി സർവ്വം*
*തസ്യ ഭാസാ സർവ്വമിദം വിഭാതി*

അവിടെ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മിന്നൽ, അഗ്നി എന്നിവ പ്രകാശിക്കുന്നില്ല. ആ പ്രകാശിക്കുന്നവനെ എല്ലാവരും പിന്തുടർന്ന് പ്രകാശിക്കുന്നു. അവന്റെ പ്രകാശം എല്ലാറ്റിനേയും പ്രകാശിപ്പിക്കുന്നു.

ഇതേ ആശയം തന്നെ ഭഗവദ്ഗീതയിലും തന്ത്രാലോകത്തിലും കാണാം.

*ന തദ്ഭാസയതേ സൂര്യോ ന ശശാങ്കോ ന പാവകഃ*
*യദ്ഗത്വാ ന നിവർത്തന്തേ തദ്ധാമ പരമം നമഃ 11. 56*

*യന്ന സൂര്യോ ന വാ സോമോ നാഗ്നിർഭാസയതേപി ച*
*നചാർക്കസോമവഹ്നീനാം തദ്പ്രകാശാദ്വിനാ മഹഃ*
*കിമപ്യസ്തി നിജം കിന്തു സംവിദിത്ഥം പ്രകാശതേ 3.115*

ഈ ശാസ്ത്രമനുസരിച്ച് എല്ലാവരുടെയും യഥാർത്ഥസ്വരൂപം പ്രകാശമാണ്. ശിവൻ പ്രകാശസ്വരൂപനാണ്. ശിവനാണ് എല്ലാ വൈചിത്ര്യങ്ങളോടെയുമുള്ള ഈ പ്രപഞ്ചമായിത്തീരുന്നത്.

ശിവൻ സ്വേച്ഛയാൽ പലതായി തീരുമ്പോഴും അത് സ്വസ്വഭാവം അതായത് പ്രകാശം എന്ന അവസ്ഥ കൈവെടിയുന്നതേ ഇല്ല. ശിവന്റെ പലതായി തീരാനുള്ള ആഗ്രഹത്തെ ത്രിക, പ്രതിഭിജ്ഞാ ഗ്രന്ഥങ്ങളിൽ ബഹിരുല്ലിലസിഷാ എന്നാണ് സാങ്കേതികമായി പറഞ്ഞുകാണുന്നത്.

ജഡങ്ങളും വാസ്തവത്തിൽ പ്രകാശം അഥവാ ശിവൻ സ്വേച്ഛയാൽ ആയിത്തീർന്ന വസ്തുക്കൾ തന്നെയാണ്. അങ്ങനെയുള്ള തമസ്സുകളുടെ ഉള്ളിലും ഉള്ളത് അസ്തമിക്കാത്ത ഈ ഏകരൂപമയ പ്രകാശം തന്നെയാണ് എന്ന് അഭിനവഗുപ്തപാദർ പറഞ്ഞിട്ടുള്ളത്. പ്രകാശത്തിൽ നിന്ന് ഭിന്നമായി ഒന്നും ഈ പ്രപഞ്ചത്തിൽ ഇല്ല എന്നതാണ് ഈ ദർശനത്തിലെ ഒരു പൊതുതത്വം. വിജ്ഞാനഭൈരവത്തിൽ ഈയൊരാശയത്തെ ഭംഗിയായി അവതരിപ്പിക്കുന്നുണ്ട്. അതിങ്ങനെയാണ്.

*ചിദ്ധർമ്മാ സർവ്വദേഹേഷു വിശേഷോ നാസ്തി കുത്രചിത്അ*
*തശ്ച തന്മയം സർവ്വം ഭാവയൻ ഭവജിജ്ജിനഃ 100*

എല്ലാശരീരങ്ങളിലും ഉള്ളത് ചൈതന്യമാണ് അതിനാൽ ഒന്നും തന്നെ മറ്റുള്ളവയേക്കാൾ ഉത്തമമോ അധമമോ അല്ല. പ്രപഞ്ചത്തിലെ ഏതെങ്കിലും ഒരുവസ്തുവിന് മാത്രമായി ഒരു പ്രത്യേകത ഇല്ല. അതുകൊണ്ട് ലോകത്തിലെ എല്ലാവസ്തുക്കളേയും ചൈതന്യമായിക്കാണുന്നവൻ ലോകത്തെ ജയിക്കുന്നു.

ഇനിയൊരു സംശയം വരാം തമസ്സുകളുടെ ഉള്ളിലെന്നപോലെ പ്രകാശങ്ങളുടേയും ഉള്ളിൽ ഈ പ്രകാശം തന്നെ ആണെന്നാണല്ലോ പറഞ്ഞിട്ടുള്ളത്. ആ പ്രകാശങ്ങൾ ഏതാണ്? ആ പ്രകാശങ്ങൾ എന്നാൽ നമുക്കറിയാവുന്ന പ്രപഞ്ചത്തിലെ എല്ലാ പ്രകാശങ്ങളും എന്നർത്ഥം. അവധൂതമുനി ആ പ്രകാശങ്ങളെ വേറൊരർത്ഥത്തിലാണ് എടുത്തുകാണുന്നത്. അദ്ദേഹം ഒരു പടികൂടെ മുന്നോട്ടു പോകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ശിവൻ ഒഴികെയുള്ള പ്രമാതാക്ക ളെയാണ് തേജസ്സുകൾ എന്ന വാക്കുകൊണ്ട് അഭിനവഗുപ്തപാദർ അർത്ഥമാക്കിയിരിക്കുന്നത് എന്നാണ്. സപ്തപ്രമാതാക്കളെ കുറിച്ച് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ശിവൻ, മന്ത്രമഹേശ്വരൻ, മന്ത്രേശ്വരൻ, മന്ത്രൻ, വിജ്ഞാനാകലൻ, പ്രളയാകലൻ, സകലൻ ഇവരാണ് സപ്തപ്രമാതാക്കൾ. പ്രമാതാവ് എന്നുപറഞ്ഞാൽ അറിയുന്ന ആൾ എന്നർത്ഥം. അറിയപ്പെടുന്നതിനെ പ്രമേയം എന്നു വിളിക്കുന്നു. പ്രമാണമെന്നാൽ അറിയാൻവേണ്ടിഉപയോഗിക്കുന്നഉപകരണം.പ്രമാഎന്നുപറഞ്ഞാൽയഥാർത്ഥജ്ഞാനം. ഈ പ്രപഞ്ചത്തിൽ ബോധമുള്ള വസ്തുക്കളൊക്കെ പ്രമാതാക്കളാണ്. അതായത് മനുഷ്യൻ മാത്രമല്ല പശു, പക്ഷി, മൃഗാദികളും അവയിൽ പെടും. ഈ പ്രമാതാക്കളൊക്കെത്തന്നെ ആരുടേയെങ്കിലുമൊക്കെ പ്രമേയവുമാണ്. എന്നാൽ ശിവൻ ആരുടേയും പ്രമേയമല്ല. കാരണം ശിവന് മുകളിൽ ശിവനെ അറിയുന്ന വേറൊരാളില്ല. ശിവനെ അറിയുന്ന ആൾ ശിവൻ മാത്രമാണ്. അതിനാൽ ശിവൻ പൂർണ്ണപ്രകാശവും പ്രമാതൃക്കൾ അല്പപ്രകാശങ്ങളുമാണ്. ശിവൻ ഒഴികെയുള്ള ആറ് പ്രമാതാക്കളെയാണ് തേജാംസി (തേജസ്സുകൾ) എന്ന് വിവക്ഷിച്ചിരിക്കുന്നത്. ആ പ്രമാതാക്കളുടേയും പരമമായ സത്ത പ്രകാശമാണ്. വേറൊരർത്ഥത്തിൽ പറഞ്ഞാൽ ആരൊക്കെ അറിയുന്നുവോ അവരും ശിവനാണ് അതുപോലെത്തന്നെ അറിയപ്പെടുന്നതെല്ലാം തന്നേയും ശിവനാണ്. ഇതിലൂടെ വിശ്വാത്മകം എന്ന ആശയത്തെ പറഞ്ഞുകഴിഞ്ഞു. അതായത് ഈ പ്രപഞ്ചത്തിലുള്ളതെല്ലാം ശിവനാണ് എന്നർത്ഥം.

ഇനി ഈ തേജസ്സുകളും തമസ്സുകളും കുടികൊള്ളുന്നത് ശിവനിൽ തന്നെ ആണ്. അതായത് ഈ പ്രപഞ്ചം ശിവനിൽ കുടികൊള്ളുന്നു. അതോടൊപ്പം തന്നെ അതിനപ്പുറത്തുമാണ്. അതായത് പലതായിരിക്കുന്ന പ്രപഞ്ചമല്ലാത്ത ഒരവസ്ഥയും ശിവനുണ്ടെന്നർത്ഥം. ആ അവസ്ഥ ആണ് വിശ്വോത്തീർണ്ണം. ഇവിടെ മനസ്സിലാക്കേണ്ടത് ശിവൻ ഒരേ സമയത്തുതന്നെ വിശ്വാത്മകനും

വിശ്വോത്തീർണ്ണനമാണ്. ഈ ആശയങ്ങളെയാണ് അഭിനവഗുപ്തപാദർ ഈ ശ്ലോകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## ശ്ലോകം രണ്ട്

*സ ഏവ സർവ്വഭാവാനാം സ്വഭാവഃ പരമേശ്വരഃ*
*ഭാവഭേദാ ഹി തസ്യൈവ ശക്തിരീശ്വരതാമയീ*

ഭാവഭേദാഃ എന്നിടത്ത് ഭാവജാതം എന്നൊരു പാഠഭേദവും കാണാനുണ്ട്. ഹരഭട്ടശാസ്ത്രികൾ സ്വീകരിച്ച പാഠം ഭാവജാതം എന്നാണ്. എന്നാൽ അവധൂതമുനി സ്വീകരിച്ച പാഠം ഭാവഭേദാഃ എന്നാണ്. ഇവിടെ എടുത്തിട്ടുള്ളത് അവധൂതമുനിയുടെ പാഠമാണ്. രണ്ട് വാക്കുകളുടേയും അർത്ഥത്തിൽ കാര്യമായ വ്യത്യാസം ഒന്നും ഇല്ല.

അന്വയം - സ പരമേശ്വര ഏവ സർവ്വഭാവാനാം സ്വഭാവഃ. തസ്യ ഹി ഈശ്വരതാമയീശക്തിരേവ ഭാവഭേദാഃ (ഭവന്തി).

അർത്ഥം - ആ പരമേശ്വരനാണ് എല്ലാ വസ്തുക്കളുടേയും സ്വഭാവം. ആ പരമേശ്വരന്റെ ഐശ്വര്യം എന്ന ശക്തിയാണല്ലോ ഭാവഭേദങ്ങൾ അതായത് പ്രപഞ്ചത്തിലെ സകലവസ്തുക്കളും ആയിത്തീരുന്നത്.

ഭാവാർത്ഥം – ഈ ശ്ലോകത്തിൽ ശിവൻ, ശക്തി എന്നീ തത്വങ്ങളെക്കുറിച്ചാണ് പറയുന്നത്.

മുൻ പറഞ്ഞ തേജസ്സുകളുടേയും തമസ്സുകളുടേയും സ്വഭാവം യഥാർത്ഥ സ്വരൂപം പ്രകാശം അഥവാ ശിവൻ തന്നെയാണ്. അതായത് ശിവൻ തുടങ്ങി സകലപ്രമാതാക്കളുടേയും പ്രമേയങ്ങളുടേയും അന്തഃസത്ത ശിവൻ തന്നെയാണ് എന്നർത്ഥം. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിലും ഉള്ള ഒരു പൊതുവായ തത്വമാണ് പ്രകാശം അഥവാ ശിവൻ. ശിവന്റെ സ്വഭാവത്തിൽ പെട്ടതാണ് ജ്ഞാതൃത്വവും കർത്തൃത്വവും. വേദാന്തികളുടെ ശാന്തബ്രഹ്മത്തെ പോലെ അല്ല ശിവതത്വം. ബ്രഹ്മം ജ്ഞാതാവാണ് പക്ഷേ നിഷ്ക്രിയനാണ്. ശിവനാകട്ടെ എന്തും ചെയ്യാൻ കെല്പുള്ള ആളാണ്, അതാണ് ശിവന്റെ കർത്തൃത്വം. എന്തും അറിയാനും പറ്റും അതാണ് ജ്ഞാതൃത്ത്വം. ഈ കർത്തൃത്വവും ജ്ഞാതൃത്ത്വവും ശിവന്റെ സ്വഭാവസവിശേഷതകളാണ്. ശിവനാണ് ഈ പ്രപഞ്ചം എന്നതിനാൽ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിലും ജ്ഞാതൃത്ത്വ കർത്തൃത്വശക്തികളുണ്ട്. പക്ഷേ തിരിച്ചറിയുന്നില്ല എന്ന് മാത്രം. ശിവന്റെ കർത്തൃത്വശക്തിയാണ് പ്രപഞ്ചമായിത്തീരുന്നത്. ഭാവഭേദങ്ങൾ എന്നാൽ ഈ പ്രപഞ്ചത്തിൽ നാനാരൂപങ്ങളിൽ കാണുന്നതെല്ലാം എന്നർത്ഥം.

ഇനി വേറൊരുരീതിയിലും ഈ ശ്ലോകത്തെ വ്യാഖ്യാനിക്കാവുന്നതാണ്. ശിവനല്ലാതെ വേറൊരാളില്ലാത്തതിനാൽ ശിവൻ സർവ്വതന്ത്രസ്വതന്ത്രനാണ്. ശിവന്റെ സ്വാതന്ത്ര്യമാണ് ശിവന്റെ ശക്തി. ശിവന്റെ സ്വാതന്ത്ര്യശക്തിയെത്തന്നെയാണ് ഐശ്വര്യം എന്ന് പറയുന്നത്. ശിവൻ ആ സ്വാതന്ത്ര്യശക്തിയാലാണ് ഈ പ്രപഞ്ചമായി മാറുന്നത്. വേറൊരുതരത്തിൽ പറഞ്ഞാൽ ശക്തിയാണ് പ്രപഞ്ചമായിത്തീരുന്നത്. ശക്തിയെന്നാൽ ശിവന്റെ ജഗത്സൃഷ്ടിക്കാനുള്ള ഇച്ഛയുടെ ആദ്യത്തെ സ്പന്ദനവുമാണ്. ഉത്പലദേവന്റെ ഈശ്വരപ്രത്യഭിജ്ഞയിൽ ജഗത്സൃഷ്ടിയെക്കുറിച്ച് പറയുന്നതിങ്ങനെയാണ്.

*ചിദാത്മൈവ ഹി ദേവോന്തഃ സ്ഥിതമിച്ഛാവശാത് ബഹിഃ*
*യോഗീവ നിരുപാദാനമർത്ഥജാതം പ്രകാശയേത്. 1.5.7*

ചിത്സ്വരൂപനായ ശിവൻ തന്റെ ഇച്ഛഹേതുവായി അതായത് തന്റെ സ്വാതന്ത്ര്യശക്തിയാൽ ഒരു യോഗിയെന്നപോലെ സൃഷ്ടിക്കാവശ്യമായ സാമഗ്രികളൊന്നും ഇല്ലാതെ തന്നെ പ്രപഞ്ചത്തിലെ സകലവസ്തുക്കളേയും സൃഷ്ടിക്കുന്നു.

ഇതേ ആശയം തന്നെ സോമാനന്ദന്റെ ശിവദൃഷ്ടി എന്ന ഗ്രന്ഥത്തിലും കാണാം.

*യോഗിനാമിച്ഛയാ യദ്വന്നാനാരൂപോപത്തിതാ*
*ന ചാസ്തി സാധനം കിഞ്ചിന്മൃദാദീച്ഛാം വിനാ പ്രഭോഃ 1. 44*
*തഥാ ഭഗവദിച്ഛൈവ തഥാത്വേന പ്രജായതേ*

(യോഗികൾ എങ്ങനെയാണോ സൃഷ്ടിക്കാവശ്യമായ സാമഗ്രികൾ ഒന്നും ഇല്ലാതെതന്നെ സൃഷ്ടിക്കുന്നത് അപ്രകാരം കേവലം ശിവന്റെ ഇച്ഛ കൊണ്ടുതന്നെ പ്രപഞ്ചത്തിലെ ഓരോ വസ്തുവും അതാതിന്റെ രൂപം കൈവരിക്കുന്നു.)

ഇവിടെ ശിവനെ ഒരു യോഗിയായിട്ടാണ് ഉപമിച്ചിരിക്കുന്നത്. യോഗിയുടെ ഒരു പ്രത്യേകതയായി പറയുന്നത് ബാഹ്യമായ ഒന്നിന്റേയും സഹായമില്ലാതെ ശൂന്യതയിൽ നിന്ന് പലതിനേയും സൃഷ്ടിക്കാൻ പറ്റുമെന്നതാണ്. ഇച്ഛമാത്രം മതി. അതുപോലെത്തന്നെ ശിവനും.

അഭിനവഗുപ്തപാദരുടെ ശിഷ്യനായ ക്ഷേമരാജനാൽ എഴുതപ്പെട്ട പ്രത്യഭിജ്ഞാഹൃദയത്തിൽ പറയുന്നത് സ്വേച്ഛയാ സ്വഭിത്തൌ വിശ്വമുന്മീലയതി എന്നാ ണ്. അതായത് ശിവൻ സ്വേച്ഛയാൽ താനാകുന്ന ഭിത്തിയിൽ മുമ്പ് അവ്യക്തമായി കിടന്നിരുന്ന വിശ്വത്തെ പ്രകടമാക്കി എന്നാണ്. ഇവിടേയും ഇച്ഛതന്നെയാണ് സൃഷ്ടിക്ക് ഒരേയൊരു കാരണം. മാത്രവുമല്ല സൃഷ്ടിക്കാൻ അദ്ദേഹത്തിന് ഒരു സാമഗ്രിയുടേയും ആവശ്യവുമില്ല. ഈയൊരു ആശയ

ത്തെ വളരെ മനോഹരമായി ശ്രീനാരായണഗുരു തന്റെ ദൈവദശകത്തിൽ ലളിതമായ ഭാഷയിൽ പ്രതിപാദിച്ചിരിക്കുന്നതുകാണാം. അതിങ്ങനെയാണ്

*നീയല്ലോ സൃഷ്ടിയും സ്രഷ്ടാവായതും സൃഷ്ടിജാലവും*
*നീയല്ലോ ദൈവമേ സൃഷ്ടിക്കുള്ള സാമഗ്രിയായതും* 5

*നീയല്ലോ മായയും മായാവിയും മായാവിനോദനും*
*നീയല്ലോ മായയെനീക്കിസ്സായുജ്യം നൽകുമാര്യനും* 6

ശിവന്റെ ഈ പലതാവാനുള്ള ഇച്ഛയെയാണ് ശക്തിതത്വം എന്ന് പറയുന്നത്. ഇച്ഛയില്ലെങ്കിൽ സൃഷ്ടിയില്ല എന്നർത്ഥം. അതായത് ശക്തിയില്ലെങ്കിൽ പ്രപഞ്ചമില്ലെന്നർത്ഥം.

ശിവന് പ്രധാനമായും അഞ്ച് ശക്തികളാണ് ഉള്ളത്. അതുകൊണ്ട് അദ്ദേഹത്തെ പഞ്ചശക്തിനിർഭരഃ എന്ന് വിശേഷിപ്പിക്കുന്നു. ചിത്, ആനന്ദം, ഇച്ഛാ, ജ്ഞാനം, ക്രിയ എന്നിവയാണ് ശിവന്റെ അഞ്ചുശക്തികൾ. അവയിൽ ചിച്ഛക്തിക്ക് പ്രാധാന്യം വരുമ്പോൾ ശിവതത്വം, ആനന്ദശക്തിക്ക് പ്രാധാന്യം വരുമ്പോൾ ശക്തിതത്വം. ശിവനും ശക്തിയും എപ്പോഴും ഒരുമിച്ചേ ഇരിക്കൂ. അതിനാൽ ചിദാനന്ദങ്ങളെ ഒരുമിച്ചാണ് എപ്പോഴും എടുക്കാറുള്ളത്.

അതുപോലെത്തന്നെ പ്രധാനമായും അഞ്ച് പ്രവൃത്തികൾ ചെയ്യുന്ന ആൾ ആണ് ശിവൻ. അതിനാൽ അദ്ദേഹത്തെ പഞ്ചകൃത്യവിധായീ എന്ന് വിശേഷപ്പിക്കുന്നു. ലളിതാസഹസ്രനാമത്തിലും ത്രിപുരസുന്ദരിയുടെ ഒരു നാമമായി പറയുന്നത് പഞ്ചകൃത്യപരായണാ എന്നാണ്. അതായത് പഞ്ചകൃത്യങ്ങളിൽ മുഴുകിയവൾ എന്നർത്ഥം. സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധാനം, അനുഗ്രഹം എന്നിവയാണ് പഞ്ചകൃത്യങ്ങൾ. നമ്മളെല്ലാം ശിവനായതുകൊണ്ട് പഞ്ചകൃത്യങ്ങൾ നമ്മളും ചെയ്യുന്നുണ്ടെന്നാണ് ക്ഷേമരാജൻ പ്രത്യഭിജ്ഞാഹൃദയത്തിൽ പറയുന്നത്. പക്ഷേ തിരിച്ചറിയുന്നില്ല. ആ തിരിച്ചറവുണ്ടാകാൻ ഗുരുസപര്യ, സദ്ഗുരൂപദേശം ഇവ അല്ലാതെ വേറെ മാർഗ്ഗമൊന്നും ഇല്ലെന്നും അദ്ദേഹം ഊന്നിപ്പറയുന്നു.

(ഈദൃശം പഞ്ചവിധകൃത്യകാരിത്വം സർവ്വസ്യ സദാ സന്നിഹിതമപി സദ്ഗുരൂപദേശം വിനാ ന പ്രകാശതേ, ഇതി സദ്ഗുരുസപര്യൈവ ഏതത് പ്രഥാർത്ഥം അനുസർത്തവ്യാ. 11)

ശക്തിതത്വത്തിന്റെ വിശ്രമസ്ഥാനമാണ് ശിവതത്വം. അതുകൊണ്ടുതന്നെ ശിവതത്വത്തെ വിശ്രാന്തിഭൂമിഃ എന്നും കാശ്മീരശൈവദർശനത്തിന്റെ ഗ്രന്ഥങ്ങളിൽ പരാമർശിച്ചു കാണാം.

(തുടരും)

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (13)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

*19. സുഖദുഃഖമോഹമാത്രം നിശ്ചയസങ്കല്പനാഭിമാനാച്ച
പ്രകൃതിരഥാന്തഃകരണം ബുദ്ധിമനോഹംകൃതിഃ ക്രമശഃ.*

**സാരം** - ഇപ്രകാരമുള്ള അണുവിനെ ഭോക്താവായും ഭോഗ്യവസ്തുവായും അറിയേണ്ടതാണ്. ഇനി പ്രാധാനികസർഗ്ഗത്തെ പറയുന്നു.[1]

സുഖദുഃഖമോഹമാത്രമായ പ്രകൃതിയും, നിശ്ചയാത്മകമായ ബുദ്ധിയും, സങ്കല്പനാത്മകമായ മനസ്സും, അഭിമാനാത്മകമായ അഹങ്കാരവും ചേർന്ന അന്തഃകരണവും ക്രമത്താൽ സൃഷ്ടമായി.

**വിവൃതി** - സത്വരജസ്തമസാം യത് സുഖദുഃഖമോഹാത്മകം സാമാന്യം രൂപമങ്ഗാങ്ഗിഭാവോ യത്ര നോപലഭ്യതേ സാ മൂലകാരണം പ്രകൃതിഃ. പ്രകൃതേര- നന്തരം കാര്യരൂപമന്തഃ കരണമാഹ. നിശ്ചയ ഇത്യാദി. നിശ്ചയഃ ഇദമേതാദൃഗിതി സങ്കല്പനം മനനം അഭിമാനഃ മമതേതി ക്രമേണ ബുദ്ധിർമനോഹങ്കാരഃ ഇത്യേവം രൂപം ത്രിതയം അന്തഃകരണം അങ്ഗാങ്ഗിഭാവേന ഗുണാനാം കാര്യം ഭൂതേന്ദ്രിയാദ്യപേക്ഷയാ ച കാരണമിതി.

**പരിഭാഷ** - സത്ത്വം, രജസ്സ്, തമസ്സ്, എന്നീ ഗുണങ്ങളുടെ സാമാന്യരൂപങ്ങളായ സുഖം, ദുഃഖം, മോഹം എന്നിവയുടെ അങ്ഗാങ്ഗീഭാവങ്ങൾ എന്തിനെയാണോ ബാധിക്കാത്തത് അതാണ് മൂലകാരണമായ പ്രകൃതി. ഈ പ്രകൃതിക്കുശേഷം അന്തഃകരണങ്ങൾ (മനസ്സ്, ബുദ്ധി, അഹങ്കാരം) ഉണ്ടാകുന്നു. ഇത് ഇവ്വിധമാണെന്ന നിശ്ചയത്തിന് കാരണമാണ് ബുദ്ധി. സങ്കല്പിക്കുന്നതാണ് മനസ്സ്. ഞാനെന്ന ബോധമാണ് അഹങ്കാരം. ഇപ്രകാരം മനോബുദ്ധ്യഹങ്കാരങ്ങൾ. ഈ മൂന്നു രൂപങ്ങളോടു കൂടിയ അന്തഃകരണം അങ്ഗാങ്ഗീഭാവങ്ങളായി ഗുണങ്ങളുടെ കാര്യവും പഞ്ചജ്ഞാനകർമേന്ദ്രിയങ്ങളു

[1] ശിവൻ തുടങ്ങി ശുദ്ധവിദ്യവരെയുള്ളതാണ് ശുദ്ധസർഗ്ഗം. ശേഷം പരമമായതിൻറെ സ്വാതന്ത്ര്യശക്തിയായ മായയുടെയും പിന്നെ പഞ്ചകഞ്ചുകങ്ങളുടെയും സ്വാധീനത്താൽ ശിവൻ പുരുഷനായും ശക്തി പ്രധാനം എന്ന പ്രകൃതിയായും തീരുന്നു. അതിൽ നിന്നും അന്തഃ കരണങ്ങളും ഉണ്ടാകുന്നു.

ടെയും പഞ്ചഭൂതങ്ങളുടെയും കാരണവും ആകുന്നു.

ബാഹ്യകരണമാഹ

*20. ശ്രോത്രം ത്വഗക്ഷിരസനാഘ്രാണം ബുദ്ധീന്ദ്രിയാണി ച*
*വാക്പാണിപാദപായൂപസ്ഥം കർമ്മേന്ദ്രിയാണി പുനഃ.*

**സാരം** – അനന്തരം ബാഹ്യകരണങ്ങളെ പറയുന്നു.

ചെവി, ത്വക്ക്, കണ്ണ്, നാവ്, മൂക്ക് എന്നിവ ബുദ്ധീന്ദ്രിയങ്ങളാകുന്നു. വാക്ക്, കൈകൾ, കാലുകൾ, വിസർജ്ജനേന്ദ്രിയം, ജനനേന്ദ്രിയം എന്നിവ കർമ്മേന്ദ്രിയങ്ങളുമാകുന്നു.

**വിവൃതി** - വക്ഷ്യമാണേ ശബ്ദാദൌ വിഷയേ ജ്ഞാനപ്രധാനാനി ശ്രോത്രാദീനി പഞ്ചേന്ദ്രിയാണി ക്രിയാപ്രധാനാനി ചേന്ദ്രിയാണി പഞ്ച വാഗാദീനി. വചനാദാനവിഹരണവിസർഗ്ഗാനന്ദാത്മകാഃ കർമ്മേന്ദ്രിയാണാം വിഷയാഃ. ഇത്യുഭയഥാ ച ശൃണോമി കഥയാമീത്യഹങ്കാരാനുഗമാദഹംകാരകാര്യാണി.

**പരിഭാഷ** - ഇനി പറയാൻ പോകുന്ന ശബ്ദാദികളുടെ വിഷയത്തിൽ ജ്ഞാനപ്രധാനങ്ങളാകുന്നവ ശ്രോത്രാദി പഞ്ചേന്ദ്രിയങ്ങളും ക്രിയാപ്രധാനങ്ങളാകുന്നവ വാഗാദി പഞ്ചേന്ദ്രിയങ്ങളുമാകുന്നു. സംസാരിക്കുക, ദാനം ചെയ്യുക, സഞ്ചരിക്കുക, വിസർജ്ജിക്കുക, ആനന്ദിക്കുക എന്നിവയാണ് കർമ്മേന്ദ്രിയങ്ങളുടെ വിഷയം. ഈ രണ്ടു വിഭാഗത്തിലെ ഇന്ദ്രിയങ്ങളുടെ കാര്യത്തിലും 'ഞാൻ കേൾക്കുന്നു', 'ഞാൻ പറയുന്നു' എന്നിങ്ങനെ അഹങ്കാരത്തിന്റെ സ്വാധീനമുള്ളതിനാൽ ഇവ അഹങ്കാരകാര്യങ്ങളാകുന്നു.

ഏഷാം ശബ്ദാദിവിഷയസ്വരൂപം കഥയതി.

*21. ഏഷാം ഗ്രാഹ്യോ വിഷയഃ സൂക്ഷ്മഃ പ്രവിഭാഗവർജ്ജിതോ യഃ സ്യാത്*
*തന്മാത്രപഞ്ചകം തച്ഛബ്ദഃ സ്പർശോ മഹോ രസോ ഗന്ധഃ.*

**സാരം** - ഇനി ഇവയുടെ ശബ്ദാദിവിഷയസ്വരൂപം പറയുന്നു.

ഇവയുടെ സൂക്ഷ്മങ്ങളായതും വിഭാഗങ്ങളില്ലാത്തതുമായ ഗ്രാഹ്യവിഷയങ്ങൾ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ അഞ്ചു തന്മാത്രകളാകുന്നു.

**വിവൃതി** - ജ്ഞേയകാര്യതയാ സ്വീകാര്യഃ യഃ ഏഷാം ഇന്ദ്രിയാണാം വിഷയഃ ഗോചരഃ സ്യാത്. സ കീദൃശഃ പ്രവിഭാഗവർജ്ജിതഃ വിശേഷേണ ബഹിഷ്കൃതഃ സാമാന്യാത്മാ സൂക്ഷ്മഃ യോ അർത്ഥോ ഭവേദ് തദേവ ശബ്ദാദി സാമാന്യരൂപം തന്മാത്രം ശബ്ദസാമാന്യം ശബ്ദതന്മാത്രമിതി. ഏവമന്യാനി. വിഷയവിഷയിണോഃ പരസ്പരാപേക്ഷിത്വാത് ഇന്ദ്രിയവദിദമപി തന്മാത്രപഞ്ചകം ആഹങ്കാരികമേവേതി.

**പരിഭാഷ** - അറിയപ്പെടാൻ യോഗ്യമായ യാതൊന്നാണോ അത് നേരത്തേ പറഞ്ഞ ഇന്ദ്രിയങ്ങൾക്ക് വിഷയമായി ഗോചരമായിരിക്കുന്നു. അത് എപ്രകാരമാണ്? വിഭാഗങ്ങളോടു കൂടാത്തതാണ്. വിശേഷങ്ങളില്ലാത്തതും സാമാന്യവും സൂക്ഷ്മവുമായതാണ് ശബ്ദാദിയായ സാമാന്യരൂപത്തോ

ട്ടു കൂടിയ ശബ്ദസാമാന്യമായ ശബ്ദതന്മാത്ര. ഇപ്രകാരം തന്നെ മറ്റു നാലു തന്മാത്രകളും.വിഷയം (പഞ്ചതന്മാത്രകൾ) വിഷയി (പഞ്ചജ്ഞാന കർമ്മേന്ദ്രിയങ്ങൾ) എന്നിവ പരസ്പരാപേക്ഷികങ്ങളായതുകൊണ്ട് ഇന്ദ്രിയങ്ങളുടെ പോലെ ഇവയും അഹങ്കാരത്തോടു കൂടിയവയാണ്.

(തുടരും)

---

ശ്രീവേദാന്തദേശികവിരചിതമായ

# ഗരുഡദണ്ഡകം

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

ശ്രീരാമാനുജാചാര്യരുടെ വംശപരമ്പരയിൽ ജീവിച്ചിരുന്ന മഹാപണ്ഡിതനും സാധകോത്തമനുമായിരുന്ന ശ്രീവേദാന്തദേശികർ. 13-ാം നൂറ്റാണ്ടിൽ തമിഴ് നാട്ടിൽ ജീവിച്ചിരുന്ന അദ്ദേഹം തമിഴിലും സംസ്കൃതത്തിലും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.  നിരവധി ശാസ്ത്രങ്ങളിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന ഒരുമഹദ്വ്യക്തിത്ത്വമായിരുന്നുഅദ്ദേഹത്തിന്റേത്.ശ്രീവേദാന്തദേശികരുടെ മഹത്തായതും മനോഹരമായതും വളരെ പ്രശസ്തവുമായ ഒരു കൃതിയാണ് ഗരുഡദണ്ഡകം. ഒരു പദ്യത്തിൽ 108 പദങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ദണ്ഡകം എന്ന വൃത്തത്തിൽ ചിട്ടപ്പെടുത്തിയതും ഗംഭീരാശയങ്ങൾ ഉൾക്കൊണ്ടതുമായ ഈ കൃതിയുടെ പിന്നിലുള്ള ഐതിഹ്യം ഇങ്ങനെയാണ്.

തന്റെ ഗുരുവായ കിടംബി അപ്പുള്ള (ആത്രേയ രാമാനുജർ)രിൽ നിന്നും ഗരുഡമന്ത്രോപദേശം ലഭിച്ച ശേഷം ശ്രീവേദാന്തദേശികർ ആ മന്ത്രം ജപിച്ച് ഗരുഡഭഗവാനെ പ്രത്യക്ഷപ്പെടുത്തി. ഗരുഡഭഗവാൻ അദ്ദേഹത്തിന് ഹയഗ്രീവമന്ത്രമുപദേശിക്കുകയും ശ്രീഹയഗ്രീവമൂർത്തിയുടെ ഒരു അർച്ചാബിംബം നിത്യാരാധനക്കായി നൽകുകയും ചെയ്തു. അദ്ദേഹം 51 പദ്യങ്ങളടങ്ങിയ ഗരുഡപഞ്ചാശത് എന്ന കൃതി രചിക്കുകയും അതിൽ ഗരുഡമന്ത്രം ഉൾക്കൊള്ളിക്കുകയും ചെയ്തു. ഒരിക്കൽ ഒരു പാമ്പാട്ടി ശ്രീദേശികരെ പരീക്ഷിക്കുന്നതിനായി അദ്ദേഹത്തിനുനേരെ തന്റെ വിഷസർപ്പങ്ങളെ അയച്ചു. അവയിൽ നിന്നും രക്ഷനേടാനായി അദ്ദേഹം ഗരുഡമന്ത്രം ജപിച്ച് ശ്രീ ഗരുഡഭഗവാനെ ശരണം പ്രാപിച്ചു. ഗരുഡഭഗവാൻ പ്രത്യക്ഷപ്പെട്ട് ആ സർപ്പങ്ങളെ തന്റെ കൊക്കിലാക്കി ആകാശത്തേക്ക് പറന്നുയരുകയും ചെയ്തു. ഇതു കണ്ട പാമ്പാട്ടി ശ്രീദേശികരോട് ക്ഷമാപണം നടത്തുകയും തന്റെ ജീവനോപാധി കൂടിയായ ആ വിഷജന്തുക്കളെ തിരിച്ചു തരണമെന്നപേക്ഷിക്കുകയും ചെയ്തു. ഇതു കേട്ടു മനസ്സലിഞ്ഞ അദ്ദേഹം ആകാശത്തു പറന്നു കൊണ്ടിരിക്കുന്ന ഗരുഡഭഗവാനെ സ്തുതിക്കുകയും അതു കേട്ടു സന്തുഷ്ടനായ ഗരുഡഭഗവാൻ ആ പാമ്പുകളെ പാമ്പാട്ടിക്കു തന്നെ തിരിച്ചു കൊടുക്കുകയും ചെയ്തു. ആ മഹദ് സ്തുതിയാണ് ഗരുഡദണ്ഡകമെന്ന ഈ കൃതി.

1. *ഗരുഡമഖിലവേദനീഡാധിരൂഢം ദ്വിഷട് പീഡനോത്കണ്ഠിതാക-
ണ്ഠവൈകുണ്ഠപീഠീകൃതസ്കന്ധമീഡേ സ്വനീഡാഗതിപ്രീത
രുദ്രാസുകീർത്തി സ്തനാഭോഗഗാഢോപഗൂഢ-
സ്ഫുരത്കണ്ടകവ്രാത വേധവ്യഥാവേപമാന
ദ്വിജിഹ്വാധിപാകല്പ വിഷ്ഫാര്യമാണസ്ഫടാവാടികാരത്നരോച-
ശ്ഛടാ രാജിനീരാജിതം കാന്തികല്ലോലിനീരാജിതം.*

സാരം - ഗരുഡഭഗവാൻ വേദങ്ങളാകുന്ന കൂട്ടിൽ വസിക്കുന്നവനാകുന്നു. ദേവന്മാർക്ക് എന്തെങ്കിലും തരത്തിലുള്ള പീഡകളുണ്ടാകുമ്പോൾ അതിൽ ഉത്കണ്ഠാകുലനായി മഹാവിഷ്ണു ഗരുഡഭഗവാന്റെ ചുമലിലേറി അതു നിവർത്തിക്കാനായി പോകുന്നു. അങ്ങനെ കുറച്ചു കാലത്തിനു ശേഷം ഗരുഡൻ തന്റെ ഗൃഹത്തിൽ തിരികെയെത്തുമ്പോൾ അതുവരെ അദ്ദേഹത്തിന്റെ വിയോഗത്താൽ ദുഃഖിതരായിരുന്ന രുദ്രാ, സുകീർത്തി എന്നീ പത്നിമാർ ആഹ്ളാദത്തോടെ അദ്ദേഹത്തെ ആശ്ലേഷിക്കുന്നു. ആ ആശ്ലേഷത്താൽ രോമാഞ്ചിതനാകുന്ന ഗരുഡഭഗനാന്റെ രോമങ്ങളിൽ വസിക്കുന്ന സർപ്പങ്ങളെല്ലാം ഭയചകിതരായി തങ്ങളുടെ ഫണങ്ങളുയർത്തുന്നു. അപ്പോൾ അവരുടെയെല്ലാം ശിരസ്സുകളിൽ തിളങ്ങുന്ന മാണിക്യങ്ങളുടെ പ്രകാശം ഗരുഡഭഗവാനെ നീരാജനം (ആരതി) ഉഴിയുന്നതായി കാണപ്പെടുന്നു. അപ്രകാരമുള്ള പ്രകാശത്താൽ ചുറ്റപ്പെട്ട ഗരുഡഭഗവാനെ ഞാൻ ശരണം പ്രാപിക്കുന്നു.

2. *ജയഗരുഡസുപർണ്ണദർവ്വീകരാഹാരദേവാധിപാഹാരഹാരിൻദി
വൌകസ്പതിക്ഷിപ്തദംഭോളി ധാരാകിനാകല്പ കല്പാന്തവാതൂല
കല്പോദയാനല്പവീരായിധോദ്യത്ചമത്കാരദൈത്യാരിജൈത്രധ്വജാ
രോഹനിർദ്ധാരിതോത്കർഷ സങ്കർഷണാത്മൻ ഗരുത്മൻ
മരുത്പഞ്ചകാധീശ സത്യാദിമൂർത്തേ ന കശ്ചിത് സമസ്തേ നമസ്തേ
പുനസ്തേ നമഃ.*

സാരം - അല്ലയോ മനോഹരങ്ങളായ ചിറകുകളോടു കൂടിയവനേ, അവിടുന്ന് മഹാസർപ്പങ്ങളെ ഭക്ഷിക്കുന്നവനാകുന്നു. അവിടുന്ന് സ്വന്തം മാതാവിനെ ദേവന്മാരുടെ ബന്ധനത്തിൽനിന്നും മോചിപ്പിക്കുന്നതിനായിട്ട് ഇന്ദ്രലോത്തിൽ നിന്നും അമൃത് കൊണ്ടുവരികയും അതിൽ കുപിതനായ ഇന്ദ്രൻ തന്റെ വജ്രായുധംകൊണ്ട് അവിടുത്തെ പ്രഹരിക്കുകയും ചെയ്തു. ആ പ്രഹരത്തിന്റെ പാടുകൾ പിന്നീട് ഉണങ്ങിയശേഷം അവിടുത്തെ അലങ്കരിക്കുന്ന ചിഹ്നങ്ങളായി ഇന്ദ്രന്റെ മേൽ ഉണ്ടായ വിജയത്തിന്റെ വീരസ്മരണികകളായിരിക്കുന്നു. അവിടുത്തെ വീരകൃത്യങ്ങൾ പ്രപഞ്ചത്തെ മുഴുവൻ ബാധിക്കാൻ തക്കവണ്ണമുള്ള പ്രളയകാലത്തെ ചുഴലിക്കാറ്റിനു സമമാണ്. അവിടുന്ന് ഭഗവാൻ വിഷ്ണുവിന്റെ കൊടിയടയാളമായിരിക്കുന്നതിൽനിന്നു തന്നെ അവിടുത്തെ ശ്രേഷ്ഠത ഞങ്ങൾക്കു മനസ്സിലാക്കാം. അല്ലയോ സങ്കർണസ്വരൂപനായിട്ടുള്ളവനേ[1] അവിടുന്ന് പഞ്ചപ്രാണരൂപികളായി സത്യാദിമൂർത്തികളായിത്തീർന്നിരിക്കുന്നു[2]. അങ്ങനെയുള്ള അങ്ങേക്ക് വീണ്ടും വീണ്ടും നമസ്കാരം.

3. *നമ ഇദമജഹദ് സപര്യായ പര്യായ നിര്യാത പക്ഷാനിലാ സ്ഫാലനോദ്വേലപാധോധിവീചീ ചപേടാഹതാഗാധ പാതാള ഭാംകാരസംക്രുദ്ധനാഗേന്ദ്രപീഡാസൃണീഭാവ ഭാസ്വന്നഖശ്രേണയേ ചണ്ഡതുണ്ഡായ നൃത്യത് ഭുജങ്ഗഭ്രുവേ വജ്രിണേ ദംഷ്ട്രയാ- തുഭ്യമധ്യാത്മവിദ്യാവിധേയാ ഭവദ്ദാസ്യമാപാദയേഥാ ദയേഥാശ്ച മേ.*

സാരം - അല്ലയോ ഭഗവൻ, അവിടുത്തെ ചിറകടി സമുദ്രങ്ങലിലെ ജലത്തെപ്പോലും കരകവിഞ്ഞൊഴുകാൻ തക്കതാക്കുന്നു. അവ പാതാളത്തിൽ പോലും ചെന്നടിക്കുന്നു. ആ ചിറകടിയിൽ നിന്നുണ്ടാകുന്ന ഭാം എന്ന ശബ്ദം ദിക്കുകൾ കാക്കുന്ന ഗജശ്രേഷ്ഠന്മാർ കേട്ടിട്ട് അവിടുത്തെ ആക്രമിക്കാൻ വരുന്നു. അവിടുത്തെ നഖങ്ങൾ അവരെ തിരിച്ച് നേരിടുകയും ഓടിക്കുകയും ചെയ്യുന്നു. അവിടുത്തെ ഗാംഭീര്യമാർന്ന കൊക്കുകൾ ശത്രുക്കളുടെ ഉള്ളിൽ ഭയത്തെ ഉണ്ടാക്കുന്നു. അവിടുത്തെ പുരികങ്ങളുടെ അനക്കം മഹാസർപ്പങ്ങളുടെ ഫണം പോലെയും ദംഷ്ട്രങ്ങൾ വജ്രായുധം പോലെയും ശത്രുക്കളെ ഭയപ്പെടുത്തുന്നു. ഹേ ഗരുഡഭഗവൻ, അവിടുന്നിൽ നിന്നും അദ്ധ്യാത്മവിദ്യ ഗ്രഹിക്കാനും അവിടുത്തെ കൈങ്കര്യം ഉണ്ടാകാനും എന്നെ അനുഗ്രഹിച്ചാലും.

4. *മനുരനുഗതപക്ഷിവക്ത്ര സ്ഫുരത്താരകസ്താവകശ്ചിത്രഭാനുപ്രിയാശേഖരസ്ത്രായതാം നസ്ത്രിവർഗ്ഗാപവർഗ്ഗാപ്രസൂതിഃ പരവ്യോമധാമൻവലദ്വേഷിദർപ്പജ്വലദ്വാലഖില്യ പ്രതിജ്ഞാവതീർണ്ണസ്ഥിരാം തത്ത്വബുദ്ധിം പരാം ഭക്തിധേനും ജഗന്മൂലകന്ദേ മുകുന്ദേ മുകുന്ദേ മഹാനന്ദദോഗ്ധ്രീം ദധീഥാ മുധാകാമഹീനാം അഹീനാമഹീനാന്തക.*

സാരം - അല്ലയോ പക്ഷിയുടെ മുഖത്തോടു കൂടിയവനേ, അവിടുത്തെ മന്ത്രം പ്രണവത്തോടു കൂടി തുടങ്ങി അഗ്നിയുടെ പത്നീനാമത്തോടു കൂടി അവസാനിക്കുന്നതാണ്. ആ മന്ത്രം ഞങ്ങളെ രക്ഷിക്കട്ടെ. അത് ത്രിവർഗ്ഗങ്ങളെയും (ധർമ്മാർത്ഥകാമം) അപവർഗ്ഗത്തെയും (മോക്ഷം) തരുന്നതാണ്. ഒരിക്കൽ ഇന്ദ്രനാൽ വാലഖില്യന്മാർ (വിരലോളം വലിപ്പമുള്ള ഒരു കൂട്ടം മഹർഷിമാർ) അപമാനിക്കപ്പെടുകയും അവർ ഇന്ദ്രനെ ശപിക്കുകയും അവരുടെ ശാപഫലമായി അവിടുന്ന് ഉണ്ടാകുകയും ചെയ്തു. അവിടുന്ന് എനിക്ക് തത്ത്വബുദ്ധിയും മഹാനന്ദത്തെ കറന്നെടുക്കാൻ പാകത്തിനുള്ള പരാഭക്തിയാകുന്ന പശുവിനേയും തരേണമേ. അല്ലയോ ജഗത്തിന്റെ മൂലകാരണമേ അവിടുന്ന് എതിർക്കുന്ന മഹാസർപ്പങ്ങൾക്ക് മൃത്യുരൂപനാകുന്നു.

ശ്രീഗരുഡദണ്ഡകം സമാപ്തം

---

1. വാസുദേവൻ, സങ്കർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നിവരാണ് പാഞ്ചരാത്രത്തിലെ ചതുർവ്യൂഹങ്ങൾ. 'ചതുർവ്യൂഹഃ' എന്ന് വിഷ്ണുസഹസ്രനാമത്തിൽ ഭഗവാന് ഒരു നാമമുണ്ട്. അവയിൽ സങ്കർഷണമൂർത്തിയാണ് അനന്തൻ. 'അഹിർബുധ്ന്യസംഹിതാ' എന്ന പാഞ്ചരാത്രഗ്രന്ഥം ഈ സങ്കർഷണമൂർത്തിയുടെ ആരാധനയെ പ്രതിപാദിക്കുന്നതാണ്.

2. സത്യൻ, സുപർണ്ണൻ, ഗരുഡൻ, താർക്ഷ്യൻ, വിഹഗേശ്വരൻ എന്നിവരാണ് സത്യാദി അഞ്ചു മൂർത്തികൾ.

RNI Registration Number – KERMAL/2012/56910

SHRIPURAM

सा शाम्भवी स्फुरतु

Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash